
# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2021 നവംബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




പൂച്ചക്കുട്ടികളുടെ വീട്
(കഥ)
**ടി പത്മനാഭൻ**
വില ₹60




കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ് (വൈജ്ഞാനികം)
**ഡോ. ബി ഇക്ബാൽ**
വില ₹210.00




സ്റ്റീഫൻ ഹോക്കിങ്
(ശാസ്ത്രം)
**ഡോ. ജോർജ്ജ് വർഗീസ്**
വില ₹100.00




ഉണ്ടക്കണ്ണന്റെ കാഴ്ചകൾ
(കഥകൾ)
**കെ വി മോഹൻകുമാർ**
വില ₹90




രാവണായനം
(പുനരാഖ്യാനം)
**പ്രൊഫ. പി രാമചന്ദ്രമേനോൻ**
വില ₹190.00



നൂറ്റാണ്ടിന്റെ വിസ്മയം
(ജീവചരിത്രം)
**കെ എ ഫ്രാൻസിസ്**
വില ₹90



അൽഗോരിതങ്ങളുടെ നാട് (നോവൽ)
**ഉണ്ണി അമ്മയമ്പലം**
വില ₹100.00



ഇംഗ്ലീഷ് മീഡിയം കാക്കകൾ
(കഥ)
**കെ എസ് മിനി**
വില ₹170




മെഴുകുകൊട്ടാരം
(വൈജ്ഞാനികം)
**ഡോ. പി ബാലശങ്കർ മന്നത്ത്**
വില ₹70



ആദം ബർസ
(നോവൽ)
**സുജിത്ത് രാജൻ എസ്**
വില ₹130.00



രസികൻപാട്ടുകൾ
(കവിത)
**മുത്തലപുരം മോഹൻദാസ്**
വില ₹130



ഞാറുനട്ടകഥ
(വൈജ്ഞാനികം)
**പി കെ സുധി**
വില ₹120

**കൂടുതൽ പുസ്തകങ്ങൾക്ക്** **website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**നവംബർ 2021**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

# തളിര്

## ഉള്ളടക്കം

### പ്രാചീനകേരളം : സമൂഹവും അധികാരവും

08

**ഡോ. കെ എസ് മാധവൻ**

നവംബർ 1 – കേരളപ്പിറവിദിനം. കേരളസംസ്ഥാനത്തിന്റെ പ്രാചീന സാമൂഹിക കാർഷികവ്യവഹാരങ്ങളെക്കുറിച്ച് വിശദമാക്കുന്ന ഈ ലേഖനം ഏറെ വിജ്ഞാനപ്രദമാണ്.

### മോത്തിയുടെ യാത്രകൾ

12

**ആർ തുഷാര**

മോത്തി ഒരു സ്വപ്നം കണ്ടു. സ്കൂളിലേക്ക് പോകുന്ന വഴിയിലെ നിറയെ പൂച്ചെടികൾ ഉള്ള ഒരു വീടായിരുന്നു സ്വപ്നത്തിൽ. മോത്തിയുടെ സ്വപ്നത്തിൽ ഇനിയുമുണ്ട് മനോഹരമായ കുറേ കാഴ്ചകൾ. കഥ വായിച്ചു നോക്കൂ...



### കോവിഡിനെ തുരത്താൻ 'അപ്പാവി'യുടെ പട്ടം പറത്താം

14



**ഡോ. അനിൽകുമാർ ടി വി**

കോവിഡിനൊപ്പം ജീവിക്കാൻ പരിശീലിക്കുകയാണല്ലോ നമ്മളിപ്പോൾ. എങ്ങനെ നമുക്ക് കോവിഡിനെ തോൽപ്പിക്കാം? എന്തൊക്കെ മാറ്റങ്ങളാണ് നാം ജീവിതത്തിൽ കൊണ്ടുവരേണ്ടത്? ലേഖനം വായിക്കാം...

**ആനക്കാര്യം**....05
രാജീവ് എൻ ടി
**കവിതാപരിചയം**....06
എൻ എൻ കക്കാട്
**നല്ല മാമൻ**....07
രാജഗോപാലൻ നാട്ടുകൽ
**നല്ലവരാകാൻ**....11
ശിവപ്രസാദ് പെരിയച്ചൂർ
**കടപയാദി**....21
പള്ളിയറ ശ്രീധരൻ
**ആകാശത്തേക്ക് പറന്നുപോയ നീല നിറമുള്ള ഒരു കിളി**....22
വീണ
**അമ്മൂമ്മപ്പലഹാരം**....24
ബീന മേലഴി
**താണു പത്മനാഭന്റെ ഗുരുത്വാകർഷണ ചിന്തകൾ**....26
വൈശാഖൻ തമ്പി
**കേരളം**....29
അരുൺ കെ പി
**ഇന്ത്യയുടെ ചാച്ചാജി**....30
സുബ്രഹ്മണ്യൻ അമ്പാടി വൈക്കം
**പോയത് പത്ത് മാമ്പഴങ്ങൾ**....33
കെ എൻ കുട്ടി കടമ്പഴിപ്പുറം
**നോബൽ പുരസ്കാരം 2021**....34
സാജു കെ
**റോസലിന്റ് ഫ്രാങ്ക്ളിന്റെ ഫോട്ടോ 51**....40
ഡോ. സംഗീത ചേനംപുല്ലി
**നീലത്തിമിംഗലവും മീൻകുഞ്ഞും**....44
കെ പി യൂസഫ് പെരുമ്പാവൂർ
**കാക്കോത്തിക്കുന്നിലെ മരങ്ങൾ**....46
ശ്രീജിത് പെരുന്തച്ചൻ
**ഒരു ചെമ്പനീർപ്പൂവ്**....49
കൈനകരി ഷാജി
**ഇളംതളിര്**....50

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ബാബുരാജൻ**


പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



## എഡിറ്റോറിയൽ



സ്കൂളിൽ പോകാനുള്ള തയ്യാറെടുപ്പിലായിരിക്കും കൂട്ടുകാരൊക്കെ... സ്കൂൾ തുറക്കുമ്പോൾ പതിവു തെറ്റാതെ എത്തുന്ന മഴ ഈ വർഷവും ശക്തിയായി തന്നെ എത്തിയിട്ടുണ്ട്. എല്ലാവർഷവും ജൂൺ മാസത്തിൽ സ്കൂളിൽ പോയിത്തുടങ്ങുന്ന കൂട്ടുകാർ ഈ വർഷം നവംബറിലാണ് സ്കൂളിലേക്ക് പോകുന്നത്.

കേരളീയരെ സംബന്ധിച്ച് നവംബർ ഏറെ പ്രാധാന്യമുള്ള ഒരു മാസമാണ്. നവംബർ 1, നമ്മൾ മലയാളികൾക്ക് കേരള പ്പിറവിദിനമാണല്ലോ... കേരം തിങ്ങിയ നമ്മുടെ കേരളനാട് എന്നും സഞ്ചാരികളുടെ സ്വപ്നഭൂമിയാണ്. തെക്കു തിരുവനന്തപുരം മുതൽ വടക്ക് കാസർഗോഡ് വരെ വ്യാപിച്ചു കിടക്കുന്ന കേരളത്തിന്റെ ഭൂപ്രകൃതി ഏറെ വൈവിധ്യം നിറഞ്ഞതും അത്രമേൽ ആകർഷണീയവുമാണ്. കാടും മലയും പുഴയും വയലേലകളും നിറഞ്ഞ കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിളിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. അപ്രതീക്ഷിതമായി ഉണ്ടാകുന്ന മഴയും കാലാവസ്ഥാവ്യതിയാനങ്ങളും മാറ്റിനിർത്തിയാൽ കേരളം മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്വച്ഛസുന്ദരമായ ഒരു സ്വർഗഭൂമി തന്നെയാണ്.

എങ്കിലും നമ്മുടെ കാലാവസ്ഥയിൽ ഉണ്ടാകുന്ന ഈ വ്യതിയാനത്തെ നാം നിസ്സാരമായി കണ്ടുകൂടാ. മുൻപൊന്നുമില്ലാത്തപോലെ നമ്മുടെ പ്രകൃതിയും കാലാവസ്ഥയും ഇങ്ങനെ മാറാൻ എന്താവും കാരണം... ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനിയെങ്കിലും ചിന്തിക്കണം. നമ്മുടെ ഭൂമിക്ക്, നാം ജീവിക്കുന്ന ചുറ്റുപാടിന് ഒരു പോറലുപോലും ഏൽക്കാതെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നമുക്ക് ജീവിക്കാൻ ഇടം തരുന്ന, ശ്വസിക്കാൻ വായുവും, കുടിക്കാൻ വെള്ളവും, വിശപ്പാറ്റാൻ ഭക്ഷണവും തന്ന് നമ്മുടെ ജീവൻ നിലനിർത്തുന്ന പ്രകൃതിയുടെ സംരക്ഷണം നമ്മുടെ ഉത്തരവാദിത്തമാണ്.

വര : ബാബുരാജൻ




പ്രകൃതിയുടെ സന്തുലനാവസ്ഥയിലാണ് നമ്മുടെ നിലനിൽപ്പ്. ഇനിയെങ്കിലും പ്രകൃതിക്കു ദോഷമാകുന്നതൊന്നും നമുക്ക് ചെയ്യാതിരിക്കാം. നമ്മെ കാക്കുന്ന നമ്മുടെ ചുറ്റുപാടിന് നമുക്കും കാവലാളാകാം...

കാലം തെറ്റി എത്തുന്ന മഴയും കുറച്ചുനാളായി നമ്മോടൊപ്പമുള്ള കോവിഡും നമ്മെ തെല്ലൊന്നുമല്ല ആശങ്കപ്പെടുത്തുന്നത്. ഈ സാഹചര്യത്തിൽ ഏറെ കരുതലോടെ വേണം കൂട്ടുകാർ സ്കൂളിലേക്ക് പോകാൻ. കോവിഡിനൊപ്പം ജീവിക്കാൻ പരിശീലിക്കുകയാണ് നമ്മളിപ്പോൾ. മാസ്ക് വെക്കാനും സാനിറ്റൈസർ ഉപയോഗിക്കാനും ഒരിക്കലും മറക്കരുത്. കൂട്ടുകാരോട് ചേർന്നിരിക്കുന്നതും കൂട്ടുകൂടിനടക്കുന്നതും കുറച്ചുകാലത്തേക്കുകൂടി നമുക്ക് ഒഴിവാക്കാം. മഴ നനഞ്ഞ് പനിയൊന്നും വരാതെയും നോക്കണേ... എല്ലാ കൂട്ടുകാർക്കും തളിരിന്റെ വിജയാശംസകൾ.

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**കാലം തെറ്റി എത്തുന്ന മഴയും കുറച്ചുനാളായി നമ്മോടൊപ്പമുള്ള കോവിഡും നമ്മെ തെല്ലൊന്നുമല്ല ആശങ്കപ്പെടുത്തുന്നത്. ഈ സാഹചര്യത്തിൽ ഏറെ കരുതലോടെ വേണം കൂട്ടുകാർ സ്കൂളിലേക്ക് പോകാൻ. കോവിഡിനൊപ്പം ജീവിക്കാൻ പരിശീലിക്കുകയാണ് നമ്മളിപ്പോൾ. മാസ്ക് വെക്കാനും സാനിറ്റൈസർ ഉപയോഗിക്കാനും ഒരിക്കലും മറക്കരുത്.**



# കിങ്ങിണിചാർത്തിയ ബാല്യം

**എൻ എൻ കക്കാട്**

ഒന്നുമയങ്ങിപ്പോയോ? കണ്ണുക-
ളെങ്ങാൻ ചിമ്മിപ്പോയോ?
എങ്ങുന്നോടിയണഞ്ഞൂ മുന്നിൽ
കിങ്ങിണി ചാർത്തിയ ബാല്യം?


നീലച്ചുരുൾമുടികെട്ടിച്ചാർത്തിയ
പീലിക്കണ്ണു ചിലച്ചു
ഇളകും ചുരുൾമുടി നെറ്റിയിൽ വീഴ്കേ
തിലകമൊരല്പം മാഞ്ഞൂ;
വളകൾ ചിരിക്കും കൈത്താരുകളിൽ
തളകൾ ചലിക്കും കാലിൽ,
കിങ്ങിണി കൂകിടുമരയിൽ, തൂമണി
മാലകളിളകും മാറിൽ,
താളം കുത്തിമറിഞ്ഞു നുര, ഞതി-
ലോളം തള്ളി മദിച്ചു;
നീണ്ടു വിടർന്ന മിഴിക്കോണിൽ, ചെ-
ഞ്ചുണ്ടുകൾ വിരിവതിനിടയിൽ,
അസ്പഷ്ടം നിന്നിളകി മോഹന-
നിഷ്കളഹാസമൊരൽപം:
ചോന്നു തുടുത്തമുഖത്തു മുഴുക്കെ
ചിന്നീ സ്വേദകണങ്ങൾ...

ഒന്നുമയങ്ങിപ്പോയോ? കണ്ണുക-
ളെങ്ങാൻ ചിമ്മിപ്പോയോ?
എങ്ങുന്നോടിയണഞ്ഞൂ മുന്നിൽ
കിങ്ങിണി ചാർത്തിയ ബാല്യം?





വര: ബാബുരാജൻ



വര: സുധീർ പി വൈ

# നല്ല മാമൻ

**രാജഗോപാലൻ നാട്ടുകൽ**

വെൺപ്രഭ തൂവുന്ന വസ്ത്രമാണ്
വെൺതൊപ്പിയിട്ടോരു മാമനാണ്!
വിണ്ണിലെ മാലാഖ വന്നിറങ്ങി
മണ്ണിൽ നടപ്പതായ് തോന്നുകില്ലേ?

ശുദ്ധിയും സ്നേഹവുമൊന്നുചേർന്ന്
നല്ലോരു രൂപമായ്ത്തീർന്ന പോലെ!
സത്യവും ധർമവുമൊത്തുചേർന്ന്
മെല്ലെ നടപ്പതായ് തോന്നുകില്ലേ?

ചുണ്ടിലോ വാടാത്ത പുഞ്ചിരിയും
നെഞ്ചിലോ ചെമ്പനീർപ്പൂവണിഞ്ഞും
കുഞ്ഞുങ്ങളെ, നമ്മെക്കാണുവാനായ്
കൈകൂപ്പിയെത്തും പതിവുമുണ്ട്!

സ്വാതന്ത്ര്യം നേടുവാൻ പാടുപെട്ട്
ത്യാഗത്തിന്നായുധം കൈയിലേന്തി
വൈരത്തെ ദൂരെയകറ്റി നിർത്തി
വെന്നിക്കൊടി നാട്ടിപ്പോയതല്ലേ?

ജീവനെപ്പോലെയീ മണ്ണിനേയും
സ്നേഹിച്ചു പോന്നോരു മാമനല്ലേ?
നമ്മെ ഭരിച്ചോരു നാഥനല്ലേ?
നന്നായ് നമിച്ചിടാം 'ചാച്ചാജി'യെ!

# പ്രാചീനകേരളം : സമൂഹവും അധികാരവും

ഡോ. കെ എസ് മാധവൻ

കേരളത്തിന്റെ ഭൂതകാലവും മലയാളിയുടെ ജീവിതവുമാണ് കേരള ചരിത്രപഠനങ്ങളിൽ വിശദീകരിക്കുന്നത്. ചരിത്ര ഭൂതകാലങ്ങളിൽ കേരളത്തിലെ മനുഷ്യർ നിർമിച്ച ജീവിതരൂപങ്ങളും വ്യവസ്ഥകളും ചരിത്ര പ്രക്രിയകളായി വളർന്നുവന്നതിനെ വിശദീകരിക്കുന്നതാണ് കേരളത്തിന്റെ ചരിത്രം. കേരളത്തിന്റെ പാരിസ്ഥിതിക വ്യൂഹവും ജനജീവിതവും മലയാളികളുടെ വിവിധ ജീവിതപ്രവൃത്തികളും വിശദീകരിക്കുന്ന രീതിയായിട്ടാണ് ഈ പഠനങ്ങൾ ഉണ്ടായിവന്നത്. മേൽ വിവരിച്ച കാഴ്ചപ്പാടുകളെ മുൻനിർത്തി, പ്രാചീന മധ്യകാല കേരളത്തിലെ സമൂഹരൂപീകരണത്തെയും അധികാരത്തെയും വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

പ്രാചീനകാലത്ത് കേരളം തമിഴകത്തിന്റെ ഭാഗമായിരുന്നു. മുല്ല, കുറിഞ്ഞി, മരുതം, നെയ്തൽ എന്നീ തിണനിലങ്ങളിലാണ് കുടിമക്കൾ എന്നു വിളിച്ചിരുന്ന ജനസമൂഹങ്ങൾ അക്കാലത്ത് പാർത്തിരുന്നത്. വിവിധ ഉപജീവന രൂപങ്ങൾ നിലനിർത്തിയ തിണവ്യവസ്ഥകൾ നിലനിന്ന കാലത്തെ സംഘകാലം എന്നാണ് വിളിക്കുന്നത്. പൊതു വർഷത്തിന് മുന്നേ 500നും പൊതു വർഷം 400 വരെയുള്ള കാലഘട്ടത്തെയാണ് പ്രാചീന തമിഴ് കൃതികളുടെ കാലം എന്നു പറയുന്ന സംഘകാലം.

പർവതങ്ങളും മലകളും കുന്നുകളും മലയോരവും മലയടിവാരവും കൂടിച്ചേർന്ന കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വേട്ടയാടലും ഭക്ഷ്യശേഖരണവും പുനംകൃഷിയും വളർന്നുവന്നു. സംഘകാല പഴംതമിഴ്പാട്ടുകളിൽ സൂചിപ്പിക്കുന്ന മുല്ല, കുറിഞ്ഞി, തിണ നിലങ്ങളിലാണ് ഈ ജീവിത പ്രവൃത്തികൾ വളർന്നുവന്നത്. പശ്ചിമഘട്ടത്തിലെ ജൈവപാരിസ്ഥിതിക വ്യവസ്ഥയിൽ പുനംകൃഷിയും ഭക്ഷ്യശേഖരണവും നടത്തി നിലനിന്ന ഗോത്രജനതകളെ പറ്റിയാണ് പഴംതമിഴ് പാട്ടുകളിൽ പരാമർശങ്ങൾ ഉള്ളത്. മീൻ പിടിച്ചും ഉപ്പ് കുറുക്കിയും കടൽവിഭവങ്ങൾ ശേഖരിച്ചും കടൽത്തീരനിവാസികൾ നിലനിന്നു. നെയ്തൽ തിണ നിലമായിട്ടാണ് കായൽ നിലങ്ങളും കടലോരപ്രദേശവും അറിയപ്പെട്ടിരുന്നത്. ഇടനാട്ടിലെ നദീതടങ്ങളിൽ വളർന്നുവന്ന നീർനില കൃഷിയിടങ്ങളെ മരുതം തിണയെന്നു വിളിച്ചു. കടുത്ത വേനൽക്കാലത്ത് തിണനിലങ്ങൾ വരണ്ടഭൂമിയായി മാറുമ്പോൾ അത്തരം സ്ഥലങ്ങളെ പാലത്തിണ എന്നു പറഞ്ഞിരുന്നു.

തിണനിലങ്ങളിൽ പാർത്തിരുന്നവർ കുടിമക്കൾ എന്നറിയപ്പെട്ടു. വിവിധ ഉപജീവന രൂപങ്ങൾ നിലനിർത്തിയ കൂട്ടായ്മകളായിരുന്നു കുടിമക്കൾ. രക്തകുലബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയ ചാർച്ച കൂട്ടായ്മകളാണ് കുടികൾ. കുലങ്ങൾ എന്നറിയപ്പെട്ടിരുന്ന ഇല്ലക്രമത്തിനനുസരിച്ചാണ് കുടികൾ നിലനിന്നത്. വിവിധ ധാന്യങ്ങൾ ബഹുവിളയായി കൃഷി ചെയ്തും വനവിഭവങ്ങൾ ശേഖരിച്ചും വേട്ടയാടിയും മൃഗപരിപാലനം നടത്തിയുമാണ് കുടിസമൂഹങ്ങൾ മുല്ല, കുറിഞ്ഞി പ്രദേശങ്ങളിൽ നിലനിന്നത്. തിനയും വരകും മലനെല്ലുമായിരുന്നു പ്രധാനമായ പുനംകൃഷിവിളകൾ. ജീവിത പ്രവൃത്തികളിലേർപ്പെട്ട് ഒരു പ്രത്യേകസ്ഥലത്ത് അധിവസിച്ച കുലങ്ങളാണ് കുടികളായി അറിയപ്പെട്ടിരുന്നത്. ചിറുകുടി, പെരുങ്കുടി എന്നിങ്ങനെ കുടികൾ അറിയപ്പെട്ടു. വ്യത്യസ്ത കുടികൾ കൂടിച്ചേർന്ന് ഒരു പ്രദേശത്ത് ഊരുകൾ എന്നറിയപ്പെടുന്ന ഗോത്രഗ്രാമങ്ങൾ വളർന്നുവന്നു. മലമുകളിലോ മലകൾക്ക് ചുറ്റുമോ മലയിറമ്പുകളിലോ നിലനിന്ന കുടികൾ കൂടിച്ചേർന്നാണ് ഊരുകൾ ഉണ്ടായത്. ഈ ഊരുകൾ മുതൂർ, പെരൂർ, ചിറൂർ, പുതൂർ, നല്ലൂർ എന്നീ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. ഊരുകൾക്ക് ഊരിന്റെ നാഥന്മാർ അല്ലെങ്കിൽ മൂപ്പന്മാർ ഉണ്ടായിരുന്നു. മലകളിലുള്ള ഊരുകളെ മലനാഥന്മാർ നിയന്ത്രിച്ചു. മലനാഥന്മാരിൽ ചിലർ ഒരു കൂട്ടം മലകളെ നിയന്ത്രിക്കുന്ന പൊറയന്മാരായി വളർന്നുവന്നു. മലനാഥന്മാരിൽ നിന്നും വേളുകൾ എന്നറിയപ്പെട്ട ഗോത്രഭരണാധികാരികളും ഉണ്ടായിവന്നു. വിപുലമായ ഒരു പ്രദേശത്തുള്ള വിവിധ ഗോത്രങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ട് വേന്തൻ എന്നറിയപ്പെട്ട പ്രദേശ അധിപൻമാരും ഉയർന്നുവന്നു. ചേരവേന്തന്മാരാണ് മലനാട് പ്രദേശത്ത് ആധിപത്യം

സ്ഥാപിച്ചവർ. തങ്ങളുടെ അധികാര പ്രദേശങ്ങളെ നിയന്ത്രിക്കുന്നതിനായി വംശാവലികൾ ഉള്ളവരായിരുന്നു ചേരവേന്തന്മാർ. പതിറ്റുപത്തിൽ കാണുന്ന വീരാപദാനങ്ങൾ ചേരന്മാരുടെ അധികാരവ്യാപനത്തെപ്പറ്റിയാണ് വർണ്ണിക്കുന്നത്.

ഇടനാട്ടിലെ എക്കൽ അടിഞ്ഞ നദീതടങ്ങളിലാണ് നീർനില കൃഷി വളർന്നുവന്നത്. കേരളത്തിലെ ആദ്യകാല സ്ഥിര കൃഷിക്കാരായ (settler cultivators) ഉഴവർ കുലങ്ങളാണ് ഇടനാട്ടിൽ നീർനില കൃഷി വികസിപ്പിച്ചത്. കാളയേയും പോത്തിനേയും കലപ്പയും ഉപയോഗിച്ച് ഉഴുത് നീർനില കൃഷിയിടങ്ങൾ എക്കൽ ചേറിൽ നിന്ന് ഒരുക്കിയെടുത്തത് ഈ ഉഴവർ കുലങ്ങളാണ്. ഇവർ ഉഴക്കുടികൾ എന്നറിയപ്പെട്ടു. കഴനിയും വയലും പാടവും കണ്ടങ്ങളുമായി നീർനില കൃഷിയിടങ്ങളെ മാറ്റിത്തീർത്തത് ഈ ഉഴക്കുടികളായിരുന്നു. ഉഴക്കുടികൾ നിർമിച്ച വിളനിലങ്ങളെ മരുതം തിണഭൂമികളായി പഴംതമിഴ്പാട്ടുകളിൽ വിവരിക്കുന്നുണ്ട്. ഇടനാട്ടിലെ നദീതടങ്ങളിൽ ഉഴക്കുടികളുടെ അധിവാസ പ്രദേശങ്ങളിലാണ് കാർഷിക ഗ്രാമങ്ങളായ ഊരുകൾ വളർന്നുവന്നത്. ഉഴവരും തൊഴുവരും അരിനരും ഈ ഊരുകളിൽ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടു. മരുതം എന്നറിയപ്പെട്ട നീർനില കാർഷിക ഇടങ്ങളിൽ നിന്നാണ് ഇടനാട്ടിലെ സ്ഥിര കൃഷി പ്രദേശങ്ങൾ കാർഷിക ഊരുകളായി വളർന്നുവന്നത്. നീർനില നെൽക്കൃഷി പ്രദേശമായി മാറിയ നദീതട പ്രദേശങ്ങളും പറമ്പുഭൂമിയും ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ് വിവിധ നാടുകൾ വികസിച്ചുവന്നത്. വനമേഖലയിൽ മുല്ല, കുറിഞ്ഞി, തിണ പ്രദേശത്ത് ഭക്ഷ്യശേഖരണവും ബഹുവിളപുനംകൃഷിയും നിലനിന്നു. പറമ്പ് പുരയിടമേഖലയിൽ ബഹുവിളകൃഷിയും വളർന്നുവന്നു. കായൽ കടൽ തീരമേഖലയിലാകട്ടെ, കടൽവിഭവശേഖരണവും മത്സ്യബന്ധനവും ഉപ്പ് കുറുക്കലും വിവിധ ജീവിതരൂപങ്ങളായി നിലനിന്നു. പലവിധ അതിജീവനരൂപങ്ങൾ കടൽത്തീരത്തും ഇടനാട്ടിലും വനമേഖലയിലും പാരസ്പര്യപ്പെട്ട് നിലനിന്നു. ഇതിന്റെ ഭാഗമായി കാട്, കടൽമേഖലകൾ തമ്മിൽ വിവിധതരത്തിലുള്ള വിഭവങ്ങളുടെ കൈമാറ്റബന്ധങ്ങൾ വളർന്നുവന്നു.

**വനമേഖലയിൽ, മുല്ല, കുറിഞ്ഞി, തിണ പ്രദേശത്ത് ഭക്ഷ്യശേഖരണവും ബഹുവിള പുനംകൃഷിയും നിലനിന്നു. പറമ്പ് പുരയിട മേഖലയിൽ ബഹുവിളകൃഷിയും വളർന്നുവന്നു. കായൽ കടൽ തീരമേഖലയിലാകട്ടെ, കടൽ വിഭവ ശേഖരണവും മത്സ്യബന്ധനവും ഉപ്പ് കുറുക്കലും വിവിധ ജീവിത രൂപങ്ങളായി നിലനിന്നു. പലവിധ അതിജീവന രൂപങ്ങൾ കടൽത്തീരത്തും ഇടനാട്ടിലും വനമേഖലയിലും പാരസ്പര്യപ്പെട്ട് നിലനിന്നു.**

വനമേഖലയിൽനിന്നുള്ള വ്യഞ്ജന വിഭവങ്ങളായ കുരുമുളക്, ചന്ദനം, ഏലം, കറുവപ്പട്ട എന്നീ മലഞ്ചരക്കുകൾ കടൽത്തീര കൈമാറ്റകേന്ദ്രങ്ങളിൽ എത്തിച്ചേർന്നു. ഈ കൈമാറ്റസ്ഥാനങ്ങൾ പ്രാചീനനഗരങ്ങളായി ക്രമേണ വളർന്നുവന്നു. ഈ കടൽത്തീര പട്ടണങ്ങളെ നിയന്ത്രണത്തിലാക്കാൻ മലയിൽനിന്ന് ഗോത്രതലവൻമാരായ മലനാഥന്മാർ കടൽത്തീരത്തേക്ക് എത്തി. ഇടനാട്ടിലെ നീർനില നെൽകൃഷിയുടെ മേൽ നിയന്ത്രണം സ്ഥാപിക്കാൻ ഈ ഗോത്രത്തലവന്മാർ ശ്രമിച്ചു. അവർ പിന്നീട് നാടുകളുടെ ഉടയവരായി മാറി. ഇടനാടൻ കാർഷികപ്രദേശങ്ങളേയും തീരപ്രദേശത്തെ കൈമാറ്റകേന്ദ്രങ്ങളെയും നിയന്ത്രിച്ചുകൊണ്ട് നാട്ടുടയവരുടെ ആധിപത്യം വളർന്നുവന്നു. നാട്ടുടയവരുടെ കീഴിൽ സായുധരായ നൂറ്റുവർ സംഘങ്ങൾ ഉണ്ടായിരുന്നു. ഈ നൂറ്റുവർ സംഘങ്ങളുടെ സഹായത്തോടെ ഉടയവർ നാടുകളെ നിയന്ത്രിക്കുന്ന രീതി ചിട്ടപ്പെടുത്തി. ഇത് പിന്നീട് നാട്ടുടയവരുടെ രാഷ്ട്രീയ ആധിപത്യമായി വികസിച്ചു. വേണാട്, വെൻപൊലിനാട്, നന്റുഴൈനാട്, കൽക്കരൈനാട് തുടങ്ങിയ നാടുകൾ ഇങ്ങനെ വളർന്നുവന്നതാണ്. നാടുകളിലെ കാർഷിക സമൂഹമായ കുടിസമൂഹങ്ങളെ നിയന്ത്രിക്കുന്നതിനും അവരുടെ ഉത്പന്നത്തിന്റെ പങ്ക് സ്ഥിരമായി കടമയായി പിടിച്ചെടുക്കുന്നതിനും ഉള്ള വ്യവസ്ഥയായി നാട്ടുടയവരുടെ അധികാരം മാറി.

ഇടനാട്ടിലെ നീർനില നെൽകൃഷി പ്രദേശങ്ങളിലെയും ബഹുവിള പറമ്പ് ഭൂമികളിലെയും കാർഷിക സമൂഹങ്ങൾ ഉഴവർ കുടികളും കമ്മാള കുടികളുമായി മാറി. ഈ കൃഷി രൂപങ്ങൾക്ക് അടിത്തറയായി നിലനിന്നത് നേരിട്ട് ഭൂമിയിൽ കായികാധ്വാനം നടത്തുന്ന മനുഷ്യരായിരുന്നു. ഇവരെ ആളടിയാരായിട്ടാണ് ഇക്കാലത്തെ വിവിധ ശാസനങ്ങളിൽ സൂചിപ്പിക്കുന്നത്. നാട്ടുടയവരും ഭൂവുടമകളും അടിമകളാക്കിയ കുലങ്ങളായിരുന്നു ആളടിയാർ വിഭാഗങ്ങളായി മാറിയത്. ഇടനാട്ടിൽ സമ്പദ് ഉത്പാദനത്തിന് ആളടിയാർ വിഭാഗങ്ങൾക്ക് അവരുടെ കായികാധ്വാനം നിർബന്ധിതമായി നൽകേണ്ടി

വന്നു. നാട്ടുടയവരുടെ ആധിപത്യത്തിന്റെ ഭാഗമായി വിവിധ കുടികളും, ആളടിയാരായി മാറ്റപ്പെട്ട് നിർബന്ധിതമായി അധ്വാനിക്കേണ്ടിവന്ന വിവിധ കുലങ്ങളും ചൂഷണം ചെയ്യപ്പെട്ടു. കാർഷിക സമൂഹത്തിലെ കീഴായ്മപ്പെട്ട രണ്ടു പ്രധാന സാമൂഹിക വിഭാഗങ്ങളായി കുടികളും അടിയാരും മാറി. കേരളത്തിലെ വിവിധ നാടുകളിലെ ഉടയവരുടെ പിന്തുണയോടെയായിരുന്നു ബ്രാഹ്മണരുടെ സംഘടിതമായ കുടിയേറ്റം ഉണ്ടായത്. ഇടനാട്ടിലെ നദീതടങ്ങൾ കേന്ദ്രീകരിച്ച് ബ്രാഹ്മണ ഗ്രാമങ്ങളുടെ വളർച്ചയും ഉണ്ടായിവന്നു. ബ്രാഹ്മണ ഊരുകളുടെ ആധിപത്യം നാടുകളിൽ ഉണ്ടായിവന്നപ്പോൾ കാർഷിക സമൂഹങ്ങളുടെ കൃഷിഭൂമികൾക്കുമേൽ ബ്രാഹ്മണരുടെയും ക്ഷേത്രങ്ങളുടെയും അധികാരം വർധിച്ചു. ഇതോടെ കുടികളുടെയും അടിയാരുടെയും മേലുള്ള അധികാരം വ്യവസ്ഥാപിതമായ അടിച്ചമർത്തൽ രീതിയായി മാറി.

ബ്രാഹ്മണ ഊരുകളുടെയും ക്ഷേത്ര വ്യവസ്ഥയുടെയും ആധിപത്യം വർധിച്ചുവന്നതോടുകൂടി ഇടനാടിനെ കേന്ദ്രീകരിച്ചുള്ള നീർനില നെൽകൃഷിയും ബഹുവിള പറമ്പുകൃഷിയും വളർന്നു. ഇതിന്റെ ഭാഗമായി സാമൂഹിക വേർതിരിവുകളും സാമൂഹിക പുറംതള്ളലും വളർന്നുവന്നു. ശ്രേണീസ്വഭാവമുള്ള അവകാശങ്ങളും മേൽകീഴായി മനുഷ്യരെ സ്ഥാനപ്പെടുത്തുന്ന സാമൂഹികവ്യവസ്ഥയും രൂപപ്പെട്ടു. ഇത് ക്രമേണ ജാതി അടിസ്ഥാനത്തിലുള്ള മേൽകീഴ് ബന്ധങ്ങളായി മാറി.

ബ്രാഹ്മണർക്കു മുന്നേ കേരള പ്രദേശമായ മലനാട് ഉൾപ്പെടുന്ന തമിഴകത്ത് എത്തിയവർ ബുദ്ധ ജൈന സംഘങ്ങളായിരുന്നു. ബുദ്ധന്റേയും ജൈനന്റേയും ധർമപ്രബോധനങ്ങൾ പ്രചരിപ്പിക്കാൻ വന്നവരായിരുന്നു ശ്രമണരായ ബുദ്ധ ജൈന സംഘങ്ങൾ. കുടിമാക്കളായ ഗോത്രജനതകൾക്കിടയിൽ ബൗദ്ധജൈന ധർമപ്രബോധനങ്ങൾ നടത്താനാണ് ഇവർ ശ്രദ്ധിച്ചത്. ധർമപ്രബോധനങ്ങളോടൊപ്പം ഗംഗാതടത്തിലും ഡക്കാണിലും ഇതിനകം തന്നെ വികസിതമായ കൃഷി അറിവുകൾ, വെള്ളത്തെ നിയന്ത്രിക്കുന്നതിനും നീർനില

**ബ്രാഹ്മണ ഊരുകളുടെയും ക്ഷേത്രവ്യവസ്ഥയുടെയും ആധിപത്യം വർധിച്ചുവന്നതോടുകൂടി ഇടനാടിനെ കേന്ദ്രീകരിച്ചുള്ള നീർനില നെൽകൃഷിയും ബഹുവിള പറമ്പുകൃഷിയും വളർന്നു. ഇതിന്റെ ഭാഗമായി സാമൂഹിക വേർതിരിവുകളും സാമൂഹിക പുറംതള്ളലും വളർന്നുവന്നു. ശ്രേണീസ്വഭാവമുള്ള അവകാശങ്ങളും മേൽകീഴായി മനുഷ്യരെ സ്ഥാനപ്പെടുത്തുന്ന സാമൂഹിക വ്യവസ്ഥയും രൂപപ്പെട്ടു.**

കൃഷിയുടെ വികാസത്തിനും ആവശ്യമായ സാങ്കേതിക വിദ്യകൾ തുടങ്ങിയവ ഇവർ പ്രചരിപ്പിച്ചു. വൈദ്യം, ബ്രാഹ്മി എഴുത്തുവിദ്യ, പ്രാകൃതം, പാലി തുടങ്ങിയ ഭാഷകൾ എന്നിവ തമിഴകത്ത് പ്രചരിപ്പിച്ചത് ബുദ്ധ ജൈന സംഘങ്ങളാണ്.

അറിവ്, അനുകമ്പ, അധ്വാനം, ആരോഗ്യം എന്നിവയെപ്പറ്റിയുള്ള ബൗദ്ധജൈന പാരമ്പര്യങ്ങൾ ധർമപ്രബോധത്തിന്റെ രൂപത്തിൽ ജനങ്ങളുടെ നാട്ടുഭാഷയിൽ പ്രചരിപ്പിച്ചു. ബ്രാഹ്മണരുടെ യജ്ഞ യാഗ കർമങ്ങളിൽ ശ്രമണർ വിശ്വസിച്ചിരുന്നില്ല.

കേരളത്തിൽ കുടിയേറിയ ബ്രാഹ്മണർ വളരെ ചെറിയ സമൂഹമായിരുന്നതിനാൽ അവർക്ക് നാട്ടുടയവരുടെയും ചേര പെരുമാക്കന്മാരുടെയും പിന്തുണ ആവശ്യമായിരുന്നു. നാട്ടുടയവരും ബ്രാഹ്മണരും തമ്മിൽ ഉണ്ടായിവന്ന പരസ്പര സാധൂകരണത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായിട്ടാണ് ഇടനാട്ടിൽ ബ്രാഹ്മണ ഗ്രാമങ്ങളും ക്ഷേത്രവ്യവസ്ഥയും വളർന്നുവന്നത്. ബ്രാഹ്മണരുടെ ക്ഷേത്ര കേന്ദ്രിതമായ ആചാരങ്ങളും യജ്ഞസംസ്കാരവും ജനസമൂഹങ്ങൾക്ക് മേലുള്ള സാംസ്കാരിക അധികാരമായി മാറി. ഈ ഘട്ടത്തിലാണ് (പൊതുവർഷം 800 മുതൽ പൊതുവർഷം 1124 വരെയുള്ള കാലത്ത്) വിവിധ നാടുകളുടെ മേൽ ആധിപത്യം ഉറപ്പിച്ചുകൊണ്ട് കേരളത്തിൽ കുലശേഖര പെരുമാക്കന്മാരുടെ രാജാധിപത്യം വളർന്നുവന്നത്. വിവിധ നാടുകളിലെ നാട്ടുടയവരുടെ മേൽ അനുഷ്ഠാനപരമായ ആധിപത്യം ബ്രാഹ്മണരുടെ സഹായത്തോടെ സ്ഥാപിച്ചുറപ്പിച്ചുകൊണ്ടാണ് ചേരപെരുമാക്കന്മാർ കേരളത്തിൽ കൊടുങ്ങല്ലൂർ കേന്ദ്രമാക്കി ഭരിക്കുന്നത്. ബ്രാഹ്മണ ഊരുകളുടെയും ക്ഷേത്രങ്ങളുടെയും ബ്രഹ്മസ്വം, ദേവസ്വം സ്വത്ത് വ്യവസ്ഥയെ സംരക്ഷിക്കാൻ കച്ചങ്ങൾ എന്ന നിയമങ്ങൾ നിർമിക്കാൻ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും പിന്തുണ നൽകുന്നത് ചേര പെരുമാക്കന്മാരാണ്. ബ്രാഹ്മണാധിപത്യത്തിന്റെയും ക്ഷേത്ര സ്വത്ത് വ്യവസ്ഥയുടെയും ചേര പെരുമാക്കന്മാരുടെ ഭരണാധിപത്യത്തിന്റെയും ഭാഗമായി കാർഷിക സമൂഹങ്ങളായ കുടികളും ആളടിമകളും ഉൾപ്പെടുന്ന സമൂഹങ്ങൾ ചൂഷണം ചെയ്യപ്പെടുന്നവരും സാമൂഹികമായി പുറന്തള്ളപ്പെട്ടവരുമായി മാറി.

# നല്ലവരാകാൻ

ശിവപ്രസാദ് പെരിയച്ചൂർ



കണ്ണുകൾ
തന്നത്
നല്ലത്
കാണാൻ;

നല്ലത്
കേൾക്കാൻ
കാതുകളും;

കാലുകൾ
തന്നത്
ഒപ്പം
പോകാൻ;

കൈകൾ
നല്ലത്
നൽകീടാൻ;

നാവോ
തന്നത്
നല്ലത്
ചൊല്ലാൻ;

നല്ലത്
കാണാം;
നല്ലത്
കേൾക്കാം;

നല്ലത്
ചൊല്ലി
നടന്നീടാം;
നല്ലവരായി
വളർന്നീടാം.

വര: സചീന്ദ്രൻ കാറഡുക്ക

കഥ

# മോത്തിയുടെ യാത്രകൾ

ആർ തുഷാര

മോത്തി അന്ന് പതിവില്ലാത്ത ഉത്സാഹത്തിലായിരുന്നു. എന്താണെന്നറിയാമോ, അവനന്ന് ഒരു സ്വപ്നം കണ്ടു. സ്കൂളിലേക്ക് പോകുന്ന വഴിയിലെ നിറയെ പൂച്ചെടികൾ ഉള്ള ഒരു വീടായിരുന്നു സ്വപ്നത്തിൽ. ചുവന്ന നിറത്തിൽ നേർത്ത അല്ലികൾ പോലെ പൂക്കൾ വിരിയുന്ന ഒരു പൂമരവും. ആ പൂമരത്തിൽ എന്നും രാവിലെ പല നിറത്തിലുള്ള കുഞ്ഞിക്കിളികൾ തേൻ കുടിക്കാൻ എത്തുന്നത് മോത്തി കാണാറുണ്ടായിരുന്നു. ആ വീട്ടിൽ കണ്ണിന് കാഴ്ചയില്ലാത്ത ഒരു അപ്പൂപ്പനുണ്ട്. അപ്പൂപ്പനെന്ന് വിളിക്കാൻ മാത്രം പ്രായമുണ്ടോയെന്ന് അവന് നിശ്ചയമില്ല. അവനെന്നല്ല ആർക്കുമില്ല.

അയാൾ മനോഹരമായ പട്ടങ്ങൾ ഉണ്ടാക്കി വിൽക്കുമായിരുന്നു. എപ്പോഴൊക്കെയോ മോത്തിക്ക് കാശുവാങ്ങാതെയും പല നിറത്തിലുള്ള പട്ടങ്ങൾ കൊടുത്തിട്ടുണ്ട്. ആ പട്ടത്തിന്റെ നൂലിഴകളിൽ പിടിച്ച് പല പല സ്ഥലങ്ങളിലൂടെ യാത്ര പോകുന്നതായിരുന്നു മോത്തി സ്വപ്നം കണ്ടത്.

കോവിഡ് കാലമായതിനാൽ അവൻ എങ്ങും പോകാറില്ല. കളിക്കാനോ കൂട്ടുകൂടാനോ ഒന്നും കഴിയാതെയാണ് രാവും പകലും കടന്നുപോകുന്നത്. ഓൺലൈൻ ക്ലാസിൽ കൂട്ടുകാരെ കാണാം. അതും എല്ലാവരെയും ഇല്ല. മോത്തിയുടെ



വര: ടി ആർ രാജേഷ്

പ്രിയപ്പെട്ട ബിച്ചുവും, നാനിയും, ഐഷുവുമൊന്നും പലപ്പോഴും ക്ലാസിലുണ്ടാവാറില്ല. അവരുടെയെല്ലാം വീട് നിറയെ കശുമാവുകളുള്ള അങ്ങ് ദൂരെയുള്ള അരീക്കര കുന്നിന്റെ ചെരിവിലാണ്. കുറേ മുൻപ് അതിനപ്പുറമുള്ള കശുമാവിൻ തോട്ടങ്ങളിൽ മരുന്നടിക്കാനായി ഒരു ഭീമൻ തുമ്പിയെപ്പോലെ ആകാശത്തിലൂടെ വട്ടമിട്ട് പറന്ന ഹെലികോപ്റ്ററിനെ കുറിച്ച് അച്ഛമ്മയാണ് അവനോട് പറഞ്ഞത്. വെളുത്ത പൂക്കൾ വിരിഞ്ഞുനിൽക്കുന്ന പാറക്കുളത്തിലെ മീനുകളെല്ലാം അന്ന് ചത്തു പൊങ്ങിയിരുന്നത്രേ!

**മോത്തിക്ക് താൻ കണ്ട സ്വപ്നം അലിഞ്ഞുപോകാത്ത ഒരു മിട്ടായി മധുരം പോലെ തോന്നി. അവനപ്പോൾ പട്ടങ്ങളുണ്ടാക്കി വിൽക്കുന്ന അപ്പൂപ്പനെയോർത്തു. കോവിഡ് കാലത്തും അപ്പൂപ്പൻ കാഴ്ചയില്ലാത്ത കണ്ണുകളിൽ ചിരി നിറച്ച് കുട്ടികൾക്ക് വേണ്ടി പട്ടങ്ങൾ ഉണ്ടാക്കുന്നുണ്ടാവുമോ? പട്ടം വാങ്ങാനായി ആരെങ്കിലുമൊക്കെ ചെല്ലുന്നുണ്ടാവുമോ?**

മോത്തിക്ക് താൻ കണ്ട സ്വപ്നം അലിഞ്ഞുപോകാത്ത ഒരു മിട്ടായി മധുരം പോലെ തോന്നി. അവനപ്പോൾ പട്ടങ്ങളുണ്ടാക്കി വിൽക്കുന്ന അപ്പൂപ്പനെയോർത്തു. കോവിഡ് കാലത്തും അപ്പൂപ്പൻ കാഴ്ചയില്ലാത്ത കണ്ണുകളിൽ ചിരി നിറച്ച് കുട്ടികൾക്ക് വേണ്ടി പട്ടങ്ങൾ ഉണ്ടാക്കുന്നുണ്ടാവുമോ? പട്ടം വാങ്ങാനായി ആരെങ്കിലുമൊക്കെ ചെല്ലുന്നുണ്ടാവുമോ? അവിടെയുള്ള പൂച്ചെടികൾ, പൂമരങ്ങൾ എല്ലാം കുറേക്കൂടി വളർന്ന് പടർന്ന് നിറഞ്ഞിട്ടുണ്ടാവുമോ? ഓർത്തിരിക്കെ മോത്തിക്ക് സങ്കടം തോന്നി. കോവിഡ് കാലത്ത് ജോലിയില്ലാതെ കഷ്ടപ്പെടുന്ന പലതരം മനുഷ്യരെക്കുറിച്ചുള്ള വാർത്തകൾ അവൻ ടിവിയിലും പത്രത്തിലുമെല്ലാം കാണുന്നുണ്ടായിരുന്നു.

മോത്തിക്ക് അമ്മയെയും കൂട്ടി സ്കൂളിലേക്കുള്ള വഴിയരികിലുള്ള പട്ടങ്ങളുണ്ടാക്കുന്ന അപ്പൂപ്പന്റെ വീട്ടിലേക്ക് പോകാൻ തിടുക്കമായി. ആദ്യം അമ്മ സമ്മതിച്ചില്ലെങ്കിലും അവൻ കുറേ നിർബന്ധിച്ചപ്പോഴാണ് പോകാമെന്നേറ്റത്.

അമ്മയോടൊപ്പം ഇടവഴികളിലേക്കിറങ്ങിയപ്പോൾ അവന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. വഴിയരികിലെല്ലാം നിറയെ പച്ചവിരിച്ചപോലെ പുല്ലുകൾ വളർന്നുനിൽക്കുന്നുണ്ടായിരുന്നു. എവിടെനിന്നോ ഒഴുകിവരുന്ന തെളിഞ്ഞ വെള്ളത്തിൽ കാൽ നനച്ച് പല നിറത്തിലുള്ള പട്ടങ്ങൾ സ്വപ്നംകണ്ട് അമ്മയ്ക്കൊപ്പം യാത്രതിരിക്കുമ്പോൾ സമ്പാദ്യക്കുടുക്കയിൽ നിന്നെടുത്ത നാണയത്തുട്ടുകൾ പോക്കറ്റിൽതന്നെയുണ്ടെന്ന് അവൻ ഉറപ്പുവരുത്തി. വഴിയരികിലെ കൃഷ്ണകിരീടത്തിന്റെ ചുവന്ന പൂക്കൾ അപ്പോൾ മോത്തിയെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു.

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# കോവിഡിനെ തോൽപ്പിക്കാൻ 'അപ്പാവി'യുടെ പട്ടം പറത്താം

ഡോ. അനിൽകുമാർ ടി വി

ലോകം കോവിഡിന്റെ പിടിയിലമർന്നിട്ട് രണ്ടുവർഷമാകുന്നു. നീണ്ട ഒരു ഇടവേളക്കുശേഷം കൂട്ടുകാർ സ്കൂളിൽ പോകാനൊരുങ്ങുകയാണ്. ഈ സാഹചര്യത്തിൽ എന്തൊക്കെ തയ്യാറെടുപ്പുകളാണ് നമ്മൾ എടുക്കേണ്ടത്? നമ്മുടെ ജീവിതരീതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയാൽ നമുക്ക് കോവിഡിനെ അതിജീവിക്കാം... തിരുവനന്തപുരം മെഡിക്കൽ കോളജിലെ മാനസികാരോഗ്യവിഭാഗം തലവൻ ഡോ. അനിൽകുമാർ ടി വി തരുന്ന നിർദേശങ്ങൾ വായിക്കൂ...



'ആൻഡ്രോയിഡ് കുഞ്ഞപ്പൻ' എന്ന സിനിമ കൂട്ടുകാർ കണ്ടിരിക്കും. ഈ കോവിഡിനിടയിൽ സ്കൂളിൽ പോകുമ്പോൾ നമുക്ക് 'അപ്പാവി' എന്ന കുഞ്ഞപ്പനെക്കൂടി കൂട്ടാം. നമ്മളെ മുന്നോട്ടുപോകാൻ സഹായിക്കുന്ന ഒരു കുഞ്ഞൻ റോബോട്ടാണ് 'അപ്പാവി' എന്നു കരുതുക. അപ്പാവിക്ക് അത്ഭുതസിദ്ധിയുള്ള ഒരു പട്ടം ഉണ്ട്. അപകടത്തിൽപ്പെടാതെ മുന്നോട്ടുപോകാനും ശ്രദ്ധയോടെ പഠിച്ച് വിജയത്തിലെത്താനും ഈ അത്ഭുതപട്ടം (Kite) നമ്മെ സഹായിക്കും, തീർച്ച.

അപ്പാവിയെയും അവന്റെ പട്ടത്തെയും പറ്റി കൂടുതൽ മനസ്സിലാക്കാം.

അപ്പാവി നമ്മളെ ഈ കോവിഡ് കാലത്തും മുന്നോട്ടുപോകാൻ സഹായിക്കും. എങ്ങനെ എന്നല്ലേ?

അപ്പാവിയുടെ കണ്ണട ശ്രദ്ധിച്ചോ?

അതിന്റെ ഫ്രെയിം (FRaME) കണ്ടോ? എല്ലാ കാര്യങ്ങളും പോസിറ്റീവായി കാണുന്ന ഒരു കണ്ണടയാണത്! അദ്ദേഹത്തിന്റെ ചിന്തയുടെ രീതിയും ഇതുപോലെ പോസിറ്റീവായാണ്. ഈ ചിന്താശൈലി നമുക്കും പരിശീലിക്കാവുന്നതാണ്. പ്രശ്നങ്ങൾ കാണുന്നതിനു പകരം പരിഹാരങ്ങൾ കണ്ടുപിടിക്കാൻ ഇത് നമ്മെ സഹായിക്കും.

അപ്പാവി എങ്ങനെയാണ് എല്ലാ പ്രശ്ന





ങ്ങൾക്കും പരിഹാരം (Solution) കാണാൻ നമ്മെ പഠിപ്പിക്കുന്നത് എന്നു നോക്കാം. ഇതിന് അപ്പാവിയുടെ കണ്ണാടിയുടെ 'FRaMES'നെ ഓർത്ത് മനസ്സിലാക്കാൻ ശ്രമിക്കാം.

## 'FRaMES'

### 1. F- Future oriented thinking

ഇപ്പോഴത്തെ അവസ്ഥയിൽനിന്നും എന്തൊക്കെ മാറ്റങ്ങളാണ് വരേണ്ടത് എന്ന് ആലോചിക്കുക. പഠിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കണം. മൊബൈലിന്റെ ഉപയോഗം കുറയ്ക്കണം. ദേഷ്യം കുറച്ച് കുറേക്കൂടി സന്തോഷമായിട്ടിരിക്കണം.

### 2. Ra- Resource activating thinking

എന്തൊക്കെ അനുകൂല സാഹചര്യങ്ങളാണ് ഇപ്പോഴുള്ളത് എന്ന് ആലോചിക്കുക. ആരൊക്കെ നമ്മെ സഹായിക്കാൻ ഉണ്ട് എന്ന് ചിന്തിക്കുക. അമ്മ,അച്ഛൻ, കൂട്ടുകാർ, അധ്യാപകർ, അയൽപക്കത്തുള്ളവർ ഇതുകൂടാതെ സർക്കാരിന്റെ സംവിധാനങ്ങൾ എന്തൊക്കെയുണ്ട് എന്ന് ആലോചിക്കുക

### 3. M- Miracle

നമ്മൾ ആഗ്രഹിച്ചതുപോലെ എല്ലാം സന്തോഷത്തോടെ ആയി എന്നു കരുതുക. ഈ കോവിഡിനിടയിലും എല്ലാ മുൻകരുതലും എടുത്ത് (SMS 3 C –SMS എന്നത് Soap, Mask & Social distancing എന്നും 3C എന്നത് Avoiding 3C- Closed Spaces, Crowded places & Close contact എന്നും മനസ്സിലാക്കുക.) സ്കൂളിൽ പോവുകയും പഠിക്കുകയും തിരികെ വീട്ടിൽ വരികയും ചെയ്യാം. എല്ലാവരും ആരോഗ്യത്തോടെയും സന്തോഷത്തോടെയും കോവിഡിനെ തുരത്തി മുന്നോട്ടു പോകുന്നത് മനസ്സിൽ സങ്കൽപ്പിക്കുക. പതുക്കെ പതുക്കെ നമുക്കവിടെ എത്താൻ പറ്റും. നമ്മുടെ തലച്ചോറ് അതിനുവേണ്ടി പ്രവർത്തിച്ചു തുടങ്ങും. (WYTABA - Way You Think About Will Bring About! ) കോവിഡിനെ പ്രതിരോധിക്കുന്നതിനുവേണ്ട ശീലങ്ങൾ നമ്മുടെ പെരുമാറ്റത്തിൽ വരുത്തുന്നതാണ് കോവിഡിനെതിരെയുള്ള ശരിയായ 'പെരുമാറ്റ വാക്സിൻ' (Behavioral Vaccine)

### 4. Exception / Success stories-

ജീവിതത്തിൽ സംഭവിച്ച നല്ലകാര്യങ്ങൾ ഏതൊക്കെ? മുമ്പ് ഇത്തരം പ്രശ്നങ്ങളെ എങ്ങനെ കൈകാര്യം ചെയ്തു. അതെങ്ങനെ സാധിച്ചു എന്ന് ചിന്തിക്കുക. ആ കഴിവുകൾ വീണ്ടും ഉപയോഗിക്കുക.

### 5. Scaling

കോവിഡിനെ / പ്രശ്നങ്ങളെ നേരിടുവാനുള്ള കഴിവ് / ആത്മവിശ്വാസം- ഒന്നുമുതൽ പത്തുവരെയുള്ള ഒരു സ്കെയിലിൽ എത്രയാണ് എന്ന് ആലോചിക്കുക. ഉദാഹരണത്തിന് 5 ആണ് നിങ്ങൾ വിചാരിക്കുന്നതെങ്കിൽ അത് 6 ആയി ഉയർത്താൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യാം എന്ന് ചിന്തിക്കുക.

പഠിക്കുന്ന കാര്യവും ഇതുപോലെ സ്കോർ ചെയ്യുകയും സ്കോർ ഉയർത്താൻ എന്തു ചെയ്യാം എന്ന് ആലോചിച്ച് നടപ്പിലാക്കുവാനും ശ്രമിക്കാം. എളുപ്പമല്ലേ?

നമ്മുടെ തന്നെ കഴിവ് ഉപയോഗിച്ച് നമുക്കുതന്നെ നമ്മുടെ പ്രശ്നങ്ങൾ മറികടന്ന് ലക്ഷ്യത്തിലെത്താൻ ഈ രീതിയിലുള്ള അപ്പാവിയുടെ 'FRaMES'ചിന്താഗതി നമ്മളെ സഹായിക്കും, തീർച്ച.

ഇങ്ങനെ ചിന്തിച്ചിരുന്നാൽ പോരാ. ചിലകാര്യങ്ങൾ എഴുതിവച്ചാലേ കുറേക്കൂടി വ്യക്തത വരികയും ഓർത്തിരിക്കുകയും ചെയ്യുകയുള്ളൂ. അപ്പാവി അതിനുള്ള 5 വഴികൾ/ പ്രവർത്തനങ്ങൾ പറഞ്ഞുതരും. അവ ഏതൊക്കെ എന്നു നോക്കാം.

അപ്പാവിയുടെ പേരിന് ഒരു അർഥം ഉണ്ട്. അത് മനസ്സിലാക്കുന്നത് ഈ പ്രവർത്തനങ്ങൾ എന്ത് എന്ന് ഓർത്തുവയ്ക്കാൻ സഹായിക്കും.

## 'അപ്പാവി'

**അ** - അറിയുക - നമ്മുടെ സ്വന്തം കഴിവുകളെയും അതിനനുസരിച്ച് നമുക്ക് എത്തിച്ചേരാനുള്ള ലക്ഷ്യത്തെയും അറിയുക.

**പ** - പങ്കാളിയാവുക- നമ്മുടെ വീട്ടിലും അയൽപക്കത്തും സ്കൂളിലും ആരൊക്കെ നമ്മെ സഹായിക്കും എന്ന് മനസ്സിലാക്കുക. അവരോടൊത്ത് സ്നേഹത്തോടെ പ്രവർത്തിക്കുകയും സഹായിക്കുകയും ചെയ്യുക.

**പ** - പരിശീലനം നേടുക- ശ്രദ്ധിച്ചു പഠിക്കാനും കോവിഡിനെ തുരത്താനും ജീവിതത്തിൽ നേരിട്ടേക്കാവുന്ന പ്രശ്നങ്ങളെ പരിഹരിക്കാനും പരിശീലിക്കുക. അപ്പാവി

യുടെ 'FRaMES' ഉപയോഗിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുപിടിക്കാൻ പരിശീലിക്കാവുന്നതാണ്.

**വി** - വിലയിരുത്തുക- ദിവസവും അത്യാവശ്യമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്ന് സ്വയം നിരീക്ഷിക്കുക. ഇംഗ്ലീഷിൽ ചിന്തിക്കുന്നവർ അപ്പാവിയുടെ പട്ടത്തിനെപ്പറ്റി (KITE) ഓർത്താലും മതി.

**അപ്പാവിയുടെ രണ്ട് വട്ടക്കണ്ണുകൾ കണ്ടില്ലേ? അതുപോലെ രണ്ട് വൃത്തങ്ങൾ വരയ്ക്കുക. ഒരു വൃത്തത്തിൽ നമ്മുടെ അഞ്ച് കഴിവുകൾ അല്ലെങ്കിൽ നല്ല കാര്യങ്ങൾ എഴുതുക. അടുത്ത വൃത്തത്തിൽ നമ്മുടെ ജീവിതത്തിലെ അഞ്ച് ആഗ്രഹങ്ങൾ അല്ലെങ്കിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയെന്ന് എഴുതുക. സമീപഭാവിയിൽ തന്നെ ചെയ്യേണ്ടത് കൂടുതലായി എഴുതാൻ ശ്രമിക്കുക. .**

## KITE

| | | |
|---|---|---|
| K | - | Know your strength and Goals |
| I | - | Involve with people around us who will support us |
| T | - | Train new skills |
| E | - | Evaluate daily |

അപ്പാവി നിർദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ എന്നു നോക്കാം. ഒരു വെള്ളഷീറ്റുപേപ്പറും പേനയും എടുക്കുക. പഴയ നോട്ട് ബുക്കിന്റെ പുറകിലത്തെ പേജോ നിങ്ങളുടെ ഡയറിയോ ആകാം.

(നിത്യവും ഡയറിയെഴുതുന്നത് വളരെ നല്ല ശീലമാണ് കേട്ടോ. എല്ലാദിവസവും നടന്ന നല്ല 3 കാര്യങ്ങൾ കിടക്കുന്നതിനുമുമ്പ് എഴുതി വയ്ക്കുക. പിറ്റേദിവസം ചെയ്യാനുള്ളതും പോക്കറ്റിൽ സൂക്ഷിക്കാവുന്ന ഒരു ചെറിയ ഡയറിയിൽ എഴുതി വയ്ക്കുക.)

## പ്രവർത്തനം 1: അറിയുക


അപ്പാവിയുടെ രണ്ട് വട്ടക്കണ്ണുകൾ കണ്ടില്ലേ? അതുപോലെ രണ്ട് വൃത്തങ്ങൾ വരയ്ക്കുക.

ഒരു വൃത്തത്തിൽ നമ്മുടെ അഞ്ച് കഴിവുകൾ അല്ലെങ്കിൽ നല്ല കാര്യങ്ങൾ എഴുതുക.

അടുത്ത വൃത്തത്തിൽ നമ്മുടെ ജീവിതത്തിലെ അഞ്ച് ആഗ്രഹങ്ങൾ അല്ലെങ്കിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയെന്ന് എഴുതുക. സമീപഭാവിയിൽ തന്നെ ചെയ്യേണ്ടത് കൂടുതലായി എഴുതാൻ ശ്രമിക്കുക.

ഇനി ആദ്യത്തെ വൃത്തത്തിലെ ഏതൊക്കെ കഴിവുകൾ രണ്ടാമത്തെ വൃത്തത്തിൽ എഴുതിയ ലക്ഷ്യങ്ങളിൽ എത്തുവാൻ സഹായിക്കും എന്ന് ഒരു വര വരച്ച് ബന്ധിപ്പിക്കുക.

നമ്മുടെ കഴിവുകൾക്കനുസരിച്ച് ലക്ഷ്യങ്ങളെ ക്രമീകരിക്കാൻ ഇതു സഹായിക്കും!



## പ്രവർത്തനം 2: പങ്കാളികളാവുക (Involve)

നമ്മളെ സഹായിക്കുന്ന, വിശ്വസിക്കാവുന്ന, കാര്യങ്ങൾ തുറന്നുസംസാരിക്കാവുന്ന ആളുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക. ഓരോരുത്തർക്കും നേരെ എന്തുകൊണ്ട് നാം അവരെ വിശ്വസിക്കുന്നു/ ഇഷ്ടപ്പെടുന്നു എന്ന് എഴുതുക.

പ്രശ്നങ്ങൾ എത്രതന്നെ വലുതാണെങ്കിലും സഹായിക്കുവാൻ കൂടെ ആര് എന്ന് അറിയുന്നതും അവരോട് കാര്യങ്ങൾ തുറന്നുസംസാരിക്കുന്നതും നമുക്ക് കരുത്തുപകരും.

| സഹായിക്കുന്നവരുടെ പേരുകൾ | അവരുടെ നല്ല കാര്യങ്ങൾ |
|---|---|
| 1<br>2<br>3<br>4<br>5 | |



## പ്രവർത്തനം 3: പരിശീലിക്കുക (Training)

ആദ്യത്തെ കോളത്തിൽ പുതിയതായി പഠിക്കേണ്ട കാര്യങ്ങൾ എഴുതുക. ഇപ്പോഴുള്ള പ്രധാന പ്രശ്നങ്ങളെ, പഠിക്കേണ്ട ഒരു കഴിവായി മാറ്റി എഴുതുക.

ഉദാ: പഠിക്കാൻ പറ്റുന്നില്ല എന്നത് ശ്രദ്ധ കൂട്ടാനുള്ള കഴിവ് (Skill) പഠിക്കുക എന്ന് മാറ്റി എഴുതാം. ആ കഴിവിന് ഒരു പേരു കൊടുക്കാം. ഉദാ: ഫോക്കസ്

അടുത്ത കോളത്തിൽ ശ്രദ്ധ കൂട്ടാൻ ആദ്യപടിയായി എന്തു ചെയ്യാം എന്ന്

| പുതിയതായി പഠിക്കേണ്ട കാര്യങ്ങൾ (Skill) | ആ കഴിവിന് ഒരു പേര് കൊടുക്കുക | ആദ്യപടിയായി എന്തു ചെയ്യും? | ആര് സഹായിക്കും? |
|---|---|---|---|
| 1 | | | |
| 2 | | | |

എഴുതുക.


ഉദാ: മൊബൈലിന്റെ / ടി വിയുടെ/ കാർട്ടൂൺ കാണുന്നതിന്റെ സമയം, ഒരു ദിവസം 1 മണിക്കൂറും ഒരു സമയത്ത് 30 മിനിറ്റും ആയി ചുരുക്കുക.

ആര് സഹായിക്കും? അമ്മ/ അച്ഛൻ -മൊബൈൽ വാങ്ങി പൂട്ടി വയ്ക്കും!


## പ്രവർത്തനം 4: വിലയിരുത്തുക (Evaluate)

**രണ്ടാമത്തെ പുതിയ ഒരു പൈ ചാർട്ടിൽ ശരിക്കും എങ്ങനെ ആയിരിക്കണം ഒരു ദിവസം ചിലവഴിക്കേണ്ടത് എന്ന് രേഖപ്പെടുത്താം. ഇതിൽ ഉറങ്ങാൻ 8 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ 10ന് കിടന്ന് 6ന് എഴുന്നേൽക്കുന്ന രീതി അടയാളപ്പെടുത്താം. സ്ക്രീൻ സമയം 1 മണിക്കൂറിൽ താഴെ ആക്കി കളിക്കാൻ അല്ലെങ്കിൽ വ്യായാമം ചെയ്യാൻ ഒരു മണിക്കൂർ ഉൾക്കൊള്ളിക്കാം.**

ഇപ്പോഴത്തെ പൈ ചാർട്ട്




പുതിയ പൈ ചാർട്ട്




നമ്മുടെ ഒരു ദിവസത്തിന്റെ ഒരു പൈ ചാർട്ട് ഉണ്ടാക്കാം. ആദ്യത്തെ വൃത്തത്തിൽ ഇപ്പോൾ ഒരു ദിവസം എങ്ങനെ ചിലവഴിക്കുന്നു എന്ന് രേഖപ്പെടുത്താം. കിടക്കുന്ന സമയം, ഉണരുന്ന സമയം സ്കൂളിലെ ക്ലാസിൽ പങ്കെടുക്കുന്ന സമയം, മൊബൈലും ടി വിയും കമ്പ്യൂട്ടറും ഉൾപ്പെടെയുള്ള സ്ക്രീൻ നോക്കുന്ന സമയം എന്നിവ രേഖപ്പെടുത്തുക.

രണ്ടാമത്തെ പുതിയ ഒരു പൈ ചാർട്ടിൽ ശരിക്കും എങ്ങനെ ആയിരിക്കണം ഒരു ദിവസം ചിലവഴിക്കേണ്ടത് എന്ന് രേഖപ്പെടുത്താം. ഇതിൽ ഉറങ്ങാൻ 8 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ 10ന് കിടന്ന് 6ന് എഴുന്നേൽക്കുന്ന രീതി അടയാളപ്പെടുത്താം. സ്ക്രീൻ സമയം 1 മണിക്കൂറിൽ താഴെ ആക്കി കളിക്കാൻ അല്ലെങ്കിൽ വ്യായാമം ചെയ്യാൻ ഒരു മണിക്കൂർ ഉൾക്കൊള്ളിക്കാം.

ദിവസേനയുള്ള ക്ലാസ് കഴിഞ്ഞ് 2-3 മണിക്കൂർ വരെ സ്വന്തമായി പഠിക്കാനായി രേഖപ്പെടുത്താം. തുടർച്ചയായിട്ട് വേണ്ട, അരമണിക്കൂർ വീതം വളരെ താത്പര്യത്തോടെ ഉന്മേഷത്തോടെ പഠിക്കുവാൻ ശ്രമിക്കാം. ശ്രദ്ധയോടെ പഠിച്ച് ഓർമ കൂട്ടാനുള്ള മാർഗങ്ങൾ പിന്നീട് ചർച്ചചെയ്യാം.

(ഉദാ: S-Q: Survey, Question; 3R- Read aloud and write, Recite and Revise.)

## പ്രവർത്തനം 5
# 10 -point daily wellness programmes

ചാർട്ടിൽ കാണിച്ചിരിക്കുന്ന കാര്യങ്ങൾ ആരോഗ്യകരമായ ജീവിതം ചെറിയ പ്രായത്തിലേ കെട്ടിപ്പടുക്കുവാൻ നമ്മെ സഹായിക്കും. ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യം നേടാനും ശ്രദ്ധയോടെ പഠിക്കുന്നതിനും ജീവിതത്തിൽ വിജയിക്കുന്നതിനും ഈ ശീലങ്ങൾ നമ്മെ സഹായിക്കും.


ചാർട്ടിൽ തന്നിരിക്കുന്ന 10 കാര്യങ്ങളിൽ ഓരോന്നും ദിവസവും ചെയ്യാൻ പറ്റുന്നുണ്ടോ എന്ന് പരിശോധിക്കുക. ഓരോ പ്രവൃത്തിയും പൂർണമായും ചെയ്യുന്നുവെങ്കിൽ രണ്ടുമാർക്കും (രണ്ട് സ്റ്റാർ) ഭാഗികമായാണ് ചെയ്യുന്നതെങ്കിൽ ഒരുമാർക്കും (ഒരു സ്റ്റാർ) അതാതു കോളങ്ങളിൽ രേഖപ്പെടുത്തുക. ഓരോ ദിവസവും എത്ര മാർക്ക് / സ്റ്റാർ കിട്ടി എന്ന് ഏറ്റവും താഴത്തെ കോളത്തിൽ കൂട്ടി എഴുതുക. ഓരോ ദിവസവും സ്റ്റാറിന്റെ എണ്ണം കൂട്ടാൻ ശ്രമിക്കുക. (മാതാപിതാക്കൾക്ക് ഇക്കാര്യത്തിൽ കുട്ടികളെ സഹായിക്കാവുന്നതാണ്.)

അപ്പാവിയുടെ FRaME ചിന്തകളും KITE പ്രവർത്തനങ്ങളും വഴി ഈ കോവിഡ് കാലത്തും സന്തോഷത്തോടെ പഠിക്കാനും. മുന്നോട്ടുപോകാനും വിജയത്തിലെത്താനും നമുക്ക് ഓരോരുത്തർക്കും പരിശ്രമിക്കാം.

## ചാർട്ട് : ദിവസേന ചെയ്യാവുന്ന കാര്യങ്ങൾ


ദിവസങ്ങൾ

| | | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|---|
|  | **ലഹരിയും വേദനപ്പിക്കലും വേണ്ട** ഒരുവിധത്തിലുള്ള ലഹരിസാധനങ്ങളും വേണ്ട എന്നു വയ്ക്കുക. മറ്റുള്ളവരെയോ സ്വയമോ ശാരീരികമായും മാനസികമായും വേദനിപ്പിക്കാതിരിക്കുക, ദേഷ്യം നിയന്ത്രിക്കുക. | | | | | | | |
|  | **വ്യായാമം** ദിവസേന ഒരു മണിക്കൂറെങ്കിലും വ്യായാമം ചെയ്യുക. പ്രായം ഉള്ളവർ അരമണിക്കൂർ മുതൽ മുക്കാൽ മണിക്കൂർ വരെ. | | | | | | | |
|  | **(ടി വി/ മൊബൈൽ/ ടാബ്)** കുട്ടികൾ പഠനാവശ്യങ്ങൾക്കല്ലാതെ സ്ക്രീൻ (ടി വി/ മൊബൈൽ/ ടാബ്) ഉപയോഗിക്കുന്നത് ഒരു മണിക്കൂറായി കുറയ്ക്കുക. | | | | | | | |
|  | **വായന** ഏറ്റവും കുറഞ്ഞത് 2-3 മണിക്കൂറെങ്കിലും സ്വന്തമായി പഠിക്കുകയും ക്രിയാത്മകമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുക. | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
|   | **നമ്മുടെ നല്ല പാത്രം**<br>നാം ഭക്ഷണം കഴിക്കുന്ന പാത്രം നാലു ഭാഗങ്ങളായി കരുതി അതിന്റെ രണ്ടുഭാഗങ്ങളിൽ പച്ചക്കറിയും നാട്ടിൽ കിട്ടുന്ന പഴവർഗങ്ങളും ഉൾപ്പെടുത്തുക. ബാക്കി കാൽഭാഗത്ത് പ്രോട്ടീ നടങ്ങിയ ഭക്ഷണങ്ങളും (പയർ, കടല, മീൻകറി, മുട്ടയുടെ വെള്ള) നാലിൽ ഒരു ഭാഗത്ത് മാത്രം ചോറോ ചപ്പാത്തിയോ ഉൾപ്പെടുത്തുക. | | | | | | | |
|  | **ഹൈ ഫൈവ്**<br>കുടുംബാംഗങ്ങളോടൊത്ത് കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും സമയം ചിലവഴിക്കുക. ഉദാ. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ടുമാത്രം ഒരുമിച്ച് ആഹാരം കഴിക്കുക, ഒരുമിച്ച് വീട്ടിലെ കാര്യങ്ങൾ ചെയ്യുക. ആ സമയം ടി വിയും മൊബൈലും വേണ്ടെന്നു വയ്ക്കുക. | | | | | | | |
|  | **6 am**<br>രാവിലെ 6 മണിക്കെങ്കിലും ഉണർന്നെണീക്കുക. | | | | | | | |
|  | **ഉറക്കം**<br>മുതിർന്നകുട്ടികൾക്ക് 7-8 മണിക്കൂർ വരെ എങ്കിലും ഉറക്കം, അതും രാത്രിയിൽ തന്നെ കിട്ടുന്നു എന്ന് ഉറപ്പാക്കുക. ചെറിയ കുട്ടികൾക്ക് 10 മണിക്കൂർ വരെ ആകാം. (10 വയസ്സിനു താഴെ.) | | | | | | | |
|  | **മനസ്സിനുവേണ്ടി**<br>മനസ്സിനുവേണ്ടി കുറച്ചുസമയം ചിലവഴിക്കുക. ശ്വസന വ്യായാമം, മൈൻഡ് ഫുൾ മെഡിറ്റേഷൻ, യോഗ, മറ്റ് റിലാക്സേഷൻ നൽകുന്ന കാര്യങ്ങൾ എന്നിവ ശീലിക്കുക. | | | | | | | |
|  | **ഉറക്കം**<br>10 മണിക്ക് ഉറങ്ങാൻ കിടക്കുക. (കുറച്ച് അങ്ങോട്ടോ ഇങ്ങോട്ടോ മാറിയാലും കുഴപ്പമില്ല. 7-8 മണിക്കൂർ ഉറക്കം കിട്ടുന്നു എന്ന് ഉറപ്പാക്കിയാൽ മതി.) | | | | | | | |
| | **ആകെ സ്കോർ** | | | | | | | |

# പകുതി മുട്ട

**പള്ളിയറ ശ്രീധരൻ**


Photo : Vector Stock

മുട്ട വിൽപ്പനക്കാരൻ സാധാരണ ഡസൻ കണക്കിലാണ് മുട്ട വിൽക്കാറുള്ളത്. ഒരുഡസൻ എന്നാൽ 12 എണ്ണം. 6 എണ്ണം ആവശ്യമുള്ളവർക്ക് അരഡസൻ. 3 എണ്ണം മതിയെങ്കിൽ കാൽഡസൻ. പക്ഷേ, ഒരു മുട്ട മുഴുവനായി മാത്രമേ വിൽക്കാറുള്ളൂ. പകുതി മുട്ട വിൽക്കുന്ന പതിവില്ല.

സുമേഷ് മുട്ട വാങ്ങാനായി ഒരു മുട്ടക്കടയിൽ ചെന്നു. മുട്ട വച്ചിരിക്കുന്ന ഒരു ട്രേയിലുള്ള മുട്ടകളുടെ എണ്ണം നോക്കി.

അപ്പോൾ മുട്ട വിൽപ്പനക്കാരൻ ചോദിച്ചു:

''സുമേഷിന് എത്ര മുട്ട വേണം?''

''എനിക്ക് ഈ ട്രേയിലുള്ള മുട്ടയുടെ എണ്ണത്തിന്റെ പകുതിയും ഒരു മുട്ടയുടെ പകുതിയും.''

''നിനക്ക് വട്ടാണോ? പകുതി മുട്ട കൊടുക്കുന്ന പരിപാടി ഇവിടില്ല. വേറെ കട നോക്ക്.''

''ഞാനെടുത്താലോ?''

''അതുപറ്റില്ല. മുട്ട പൊട്ടിച്ചുള്ള കച്ചവടം വേണ്ട.''

''പക്ഷേ, ഈ ട്രേയിലെ പകുതി മുട്ടയും ഒരു മുട്ടയുടെ പകുതിയും ഞാനെടുക്കും. താങ്കളുടെ കരാർ പാലിക്കുകയും ചെയ്യാം.''

സുമേഷ് വാക്കുപാലിച്ചു.

സുമേഷ് ഒരു ഡസൻ മുട്ടയാണ് എടുത്തത്.

എങ്ങനെ? അഥവാ ട്രേയിൽ എത്ര മുട്ട ഉണ്ടായിരുന്നു എന്ന് പറയാമോ?

ട്രേയിൽ 23 മുട്ടയുണ്ടായിരുന്നു. ഇതിന്റെ പകുതി 11 1/2. പകുതി മുട്ട കൂടി ആയപ്പോൾ 12, അഥവാ ഒരു ഡസൻ. മുട്ട ഒന്നും പൊട്ടിക്കേണ്ടിവന്നതുമില്ല.

palliyarasreedharan@gmail.com

കഥ



# ആകാശത്തേക്ക് പറന്നുപോയ നീല നിറമുള്ള ഒരു കിളി



വര: ബോബി എം പ്രഭ

**വീണ**

**(അവധി ദിവസത്തിൽ വായിക്കാൻ)**



എന്റെ മകൻ കടൽപ്പുറത്തു നടന്ന ഒരു പട്ടം പറത്തൽ മേളക്ക് പോയി. പലനിറങ്ങളിലും രൂപങ്ങളിലുമുള്ള ചെറുതും വലുതുമായ പട്ടങ്ങൾ അവനവിടെ കണ്ടു. മൃഗങ്ങളും പക്ഷികളും ദൈവങ്ങളും കുട്ടികളുമെല്ലാം മേഘങ്ങൾക്കിടയിലൂടെ ഒഴുകിപ്പോകുന്നു. 'എന്റെ അപ്പൂപ്പനും ഒരിക്കൽ പട്ടം പറത്തിയിട്ടുണ്ട്...' ഞാനവന് അപ്പൂപ്പൻ പട്ടം പറത്തിയ കഥ പറഞ്ഞുകൊടുത്തു.

അന്ന് അപ്പൂപ്പൻ തമിഴ്നാട്ടിലെ കടലൂർ എന്ന സ്ഥലത്തായിരുന്നു താമസം. കടല് കൊണ്ട് പൊതിഞ്ഞ ഒരു സ്ഥലം. ആകാശവും കടലും ഒന്നായി പോകുന്ന ഒരിടം. കാറ്റ് എപ്പോഴും

# ട്ടട്ട പാട്ട്

മൃദുല വി എം



വര: സചീന്ദ്രൻ കാറഡുക്ക

കുട്ടൻ ചേട്ടൻ കട്ടുമ്മേൽ
കുട്ടികളൊത്ത് കളിക്കുന്നു
കുട്ടിക്കരണം കാട്ടുന്നു
പൊട്ടിച്ചിരിയാൽ കുട്ടികളും
കൂട്ടത്തോടെ കൊട്ടുന്നു
ടട്ടേ ടപ്പേ ശബ്ദം കേട്ട്
കുട്ടിയമ്മ വന്നപ്പോൾ
പെട്ടെന്നോടി കിട്ടൻ ചേട്ടൻ
പെട്ടിക്കിടയിൽ ഒളിച്ചല്ലോ
പെട്ടന്നയ്യോ മൊട്ടക്കിട്ട്
പൊട്ടിച്ചല്ലോ കുട്ടിയമ്മ
കുട്ടൻചേട്ടൻ മൊട്ട തടവി
പൊട്ടിപ്പൊട്ടി ചിരിച്ചല്ലോ
ചട്ടി കലോം തട്ടിയും മുട്ടിയും
കേട്ടോ കേട്ടോ കൂട്ടുകാരേ.



അവിടെ ചുറ്റിനടക്കും. മഴക്കോള് കരിമ്പുലിയെപ്പോലെ പതുങ്ങി കിടക്കും. അടുത്ത വീടുകളിൽനിന്നുള്ള കുട്ടികളെല്ലാം വൈകുന്നേരമാകുമ്പോൾ പട്ടം പറത്താൻ വരും. അപ്പോൾ, അപ്പൂപ്പന്റെ മക്കൾക്ക്, അതായത് എന്റെ അമ്മയ്ക്കും അമ്മാവന്മാർക്കും ഒരു കൊതി. 'ഞങ്ങൾക്കും വേണം പട്ടം.' അവർ അപ്പൂപ്പനെ വശംകെടുത്തി. അപ്പൂപ്പൻ സൈക്കിളുമെടുത്തു പാഞ്ഞുപോയി. നല്ല നിറമുള്ള പട്ടങ്ങൾ വാങ്ങി തിരികെ വന്നു. സൈക്കിളിൽ പാഞ്ഞുപോകുമ്പോൾ താനൊരു കിളിയാണെന്ന് അപ്പൂപ്പന് തോന്നി. വൈകുന്നേരം എല്ലാരും കൂടി വീടിന്റെ ടെറസ്സിൽ കയറി. ചൂട് കാറ്റ് വീശുന്നുണ്ട്. അവിടമാകെ മുറങ്ങളിൽ മല്ലിയും മുളകും ഉണങ്ങാൻ വച്ചിട്ടുണ്ടായിരുന്നു. കുട്ടികൾ നല്ല ഉയരങ്ങളിലേക്ക് പട്ടങ്ങളെ അയക്കുന്നുണ്ട്. അവരുടെ പട്ടങ്ങൾ കൂട് തുറന്നുവിട്ട പക്ഷികളെപ്പോലെ പറന്ന് പറന്ന് പോയി. വീടിന്റെ കൂരകൾ കടന്ന്, മരത്തലപ്പുകൾ കടന്ന് പട്ടങ്ങൾ പറന്നുപോയി. അത് കണ്ടപ്പോൾ അപ്പൂപ്പനും കൊതിയായി. 'എനിക്കും പട്ടം പറത്തണം...' അപ്പൂപ്പൻ മക്കളോട് കെഞ്ചി ചോദിച്ചുനോക്കി. അവർ കൊടുത്തില്ല. ഏതു കുട്ടി കൊടുക്കും അച്ഛന് സ്വന്തം കളിപ്പാട്ടം? 'ഇല്ല. ഇത് ഞങ്ങൾക്കുള്ളതാണ്.' അവർ കട്ടായം പറഞ്ഞു. അപ്പൂപ്പൻ ഉടനെ തന്നെ വീടിനു പുറത്തിറങ്ങി സൈക്കിളിൽ കയറി കാറ്റ് പോലെ പറന്നുപോയി. ദൂരെ ദൂരെ ഒരിടത്തുനിന്നും കിളിയുടെ മുഖമുള്ള ഒരു നീല പട്ടവുമായി അപ്പൂപ്പൻ തിരികെയെത്തി. മക്കളോടൊപ്പം പട്ടം പറത്താൻ തുടങ്ങി. അപ്പൂപ്പന്റെ കിളിമുഖമുള്ള പട്ടം ദൂരെ ഒരു മരത്തിൽ പോയി ഉടക്കി. അപ്പൂപ്പൻ ചാടിയിറങ്ങി അതിനെയെടുത്ത് വീണ്ടും പറത്താൻ വിട്ടു. ഇത്തവണ അപ്പൂപ്പന്റെ വല്യ കിളിപ്പട്ടം ദൂരെ ദൂരെ ആകാശത്തെ ഉന്നം വച്ച് പറന്നുപോയി. കിളികൾ ആകാശത്തേക്കു തന്നെയല്ലേ പറക്കേണ്ടത്. അപ്പൂപ്പന്റെ മക്കളും അടുത്ത വീട്ടിലെ കുട്ടികളും അപ്പൂപ്പനെ കളിയാക്കി.

'അത് യഥാർത്ഥത്തിൽ പട്ടമല്ല. നീല നിറമുള്ള ഒരു കിളിയാണ്. അതിനെ ഞാൻ ആകാശത്തിന് തന്നെ തിരികെ കൊടുത്തതാണ്.' അപ്പൂപ്പൻ കുട്ടികളോട് പറഞ്ഞു.

അത് എന്താണ്? കിളിയോ? പട്ടമോ? നമ്മുടെ സ്വപ്നങ്ങളോ? ആകാശത്തിലേക്കുള്ള പടികളോ? നമുക്ക് പൊടിച്ച് വന്ന ചിറകുകളോ? കുട്ടികൾ അവരുടെ ചിന്തകളെ അഴിച്ചുവിട്ട് ചിരിച്ചുകൊണ്ടിരിക്കുന്നു.

# അമ്മൂമ്മപ്പലഹാരം

**ബീന മേലഴി**

അലക്കിയ തുണി മടക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ അമ്മൂമ്മ സംസാരിക്കുകയാണ്. ‘അമ്മേ എന്താ കഴിക്കാനുള്ളത്. സ്കൂൾ വിട്ടു വരുമ്പോൾ തുടങ്ങും. പാറുമോളുടെ ബഹളം. ബേബിമോനും മോശല്ല്യ. ഉള്ള ഭരണീം ഡപ്പയുമെല്ലാം പരതിനടക്കും. കറുമുറാന്നുള്ള ബേക്കറി കടികൾ തിരയുകയാണ്. വീട്ടിലുള്ളതൊന്നും ഇപ്പോഴത്തെ കുട്ട്യോൾക്ക് പിടിക്കില്ലല്ലോ. അവിലും പഴവും പഴഞ്ചനായി. രാവിലത്തെ ദോശയും ഇഡ്ഢലിയുമൊന്നും തൊടുകപോലുമില്ല.’ അമ്മൂമ്മയുടെ പിറുപിറുക്കൽ കേട്ടാണ് രണ്ടാളും വരുന്നത്.

‘‘എന്താ അമ്മൂമ്മ പറേണത്?’’

‘‘നിങ്ങടെ വർത്തമാനം തന്ന്യാ അമ്മൂമ്മ പറയുന്നത്. രാവിലത്തെ പലഹാരം കഴിക്കില്ല്യ. കൊഴുക്കട്ട പറ്റില്ല. ഓരോ വൃത്തികെട്ട സാധനങ്ങളുണ്ട്. ന്യൂഡിൽസ്, പപ്പ്സ്, കട്‌ലറ്റ്, ബർഗർ... തുടങ്ങീ വായേൽക്കൊള്ളാത്ത ഓരോ പേരുകളുമായി. എന്താ ഇതിനൊക്കെ വല്ല സ്വാദുണ്ടോ കുട്ട്യോളെ. ഇലയിൽ പരത്തി പുഴുങ്ങിയ അടയൊക്കെ ഓർത്താൽത്തന്നെ വായിൽ കപ്പലോടിക്കാം. ഇപ്പോഴത്തെ ഈ കുന്തങ്ങളൊക്കെ തിന്നാൽ വയറും കേടാവും. വല്ല രുചിയുമുണ്ടോ. അതാട്ടെ ഇല്ല്യതാനും.’’ ബേബിമോന് ദേഷ്യം വരാൻ തുടങ്ങി.

‘‘ഈ അമ്മൂമ്മയ്ക്ക് സീരിയലും കണ്ടിരുന്നാൽ പോരേ. ഓരോന്ന് പറയാനിരിക്കുന്നത്. അമ്മ ഇനി ഇത് കേട്ടാമതി. ഉണക്കപ്പുട്ടും കൊണ്ടുവരും.’’ അപ്പോഴേക്കും അമ്മൂമ്മ തുടങ്ങി.

‘‘രാവിലത്തെ പുട്ട് ഉപ്പുമാവാക്കി പഴോം കൂട്ടി കഴിക്കാനെന്താ രുചീന്നറിയോ.’’ അമ്മൂമ്മേടെ പറച്ചിൽ കേട്ട് പാറുമോളുമിടപെട്ടു. ‘‘മുത്തച്ഛൻ പറഞ്ഞു ചിരിക്കാറുണ്ടല്ലോ. എവിടെയോ വിരുന്ന് പോയപ്പൊ ചായക്ക് തന്ന പുട്ട് വെച്ചെറിഞ്ഞാൽ കോഴിയൊക്കെ ചത്ത് പോവു



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

ന്നതായിരുന്നത്രേ.''

''ഉം. അതൊരു കഥയാണ്. ആ പുട്ടുണ്ടല്ലോ, ഒന്നൊന്നര പുട്ടായിരുന്നു.'' അമ്മൂമ്മയും ചിരിക്കാൻ തുടങ്ങി.

ബേബി മോൻ ചേച്ചിയെ നോക്കി കണ്ണിറുക്കി.

''ഇന്നും കൂടി നൂഡിൽസ് തരോ അമ്മൂമ്മേ...'' ബേബി മോൻ കൊഞ്ചി.

''അയ്യേ, അത് കാണണ തന്നെ അമ്മൂമ്മക്കറപ്പാ. മക്കൾക്ക് അമ്മൂമ്മ ചൂടോടെ ദോശണ്ടാക്കിത്തരാം. കൂടെ അമ്മിയിലരച്ച ചുട്ട മുളകും, ചെറിയ ഉള്ളീം, ഉപ്പും, പച്ച വെളിച്ചെണ്ണേം ചേർത്ത ചമ്മന്തീം .''

രണ്ടാളും ഒന്നും മിണ്ടിയില്ല.

സ്കൂളിൽനിന്നും വന്നത് മുതൽ ആരോടോ ഫോണിൽ സംസാരിച്ചുകൊണ്ടിരുന്ന അമ്മയും വരുന്നുണ്ട്.

''എന്താ നിങ്ങൾക്ക് അമ്മൂമ്മ പറഞ്ഞത് ഇഷ്ടപ്പെട്ടില്ലേ. ഇപ്പൊ വിളിച്ചതാരാന്നറിയോ, ഷെറിനാ. അജ്മലിന് വയറിന് സുഖല്ല്യ. രണ്ടുദിവസമായിട്ട് പുറത്തൂന്നാണത്രേ ഭക്ഷണം കഴിച്ചത്. ഇന്ന് സ്കൂളിലും പോയിട്ടില്ല. ഗുളികേം മരുന്നൊക്കെ കഴിക്കേം വേണം. നേരത്തേ അമ്മൂമ്മ പറഞ്ഞ പോലത്തെ പലഹാരങ്ങളാണ് കഴിച്ചതെങ്കിൽ വല്ല കുഴപ്പോം ണ്ടാവോ. പായസം പോലും കഴിക്കാത്ത നിങ്ങളോട് പറഞ്ഞിട്ടെന്താ കാര്യം. വാ... നൂഡിൽസ് ഉണ്ടാക്കിത്തരാം.''

അപ്പോൾ ചേച്ചിക്കുട്ടിയും അനിയൻകുട്ടനും ഒരേസ്വരത്തിൽ വിളിച്ചുപറഞ്ഞു:

''വേണ്ടമ്മേ, ഞങ്ങൾക്കിനിയതൊന്നും വേണ്ട.''

''പിന്നെന്താ വേണ്ടത്?''

''ഇന്ന് മുതൽ ഞങ്ങൾക്കമ്മൂമ്മപ്പലഹാരം മതി.''

''ഹാ... ഹാ.... രണ്ടാളും മിടുക്കന്മാരായല്ലോ. ഇവരെന്റെ മക്കളല്ലേ...'' അമ്മൂമ്മ രണ്ടാളേയും ചേർത്തുപിടിച്ചു.

## ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ

# തളിര് സ്കോളർഷിപ്പ് പരീക്ഷാ അപേക്ഷകൾ കൈമാറി



വയനാട് ജില്ലയിൽ തളിര് സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ പരീക്ഷാ അപേക്ഷകൾ ജില്ലാ കളക്ടർ ശ്രീമതി. എ. ഗീത സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. പള്ളിയറ ശ്രീധരന് കൈമാറി. 100 പെൺകുട്ടികളാണ് ജില്ലയിൽ പരീക്ഷ എഴുതാൻ അപേക്ഷിച്ചിട്ടുള്ളത്. ഇവർക്ക് സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന സമം പദ്ധതിയുടെ ഭാഗമായി ഒരു വർഷത്തേക്ക് സൗജന്യമായി തളിര് മാഗസിൻ ലഭ്യമാക്കും. എസ്.എസ്.കെയുടെ നേതൃത്വത്തിലാണ് ജില്ലയിൽ പരീക്ഷ എഴുതുന്നതിനായി കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചത്. എ.ഡി.എം ശ്രീ. എൻ.ഐ ഷാജു, ഫിനാൻസ് ഓഫീസർ ശ്രീ. എ.കെ. ദിനേശൻ, എസ്.എസ്.കെ മുൻ ഡി.പി.എം ശ്രീ. ഒ. പ്രമോദ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# താണു പത്മനാഭന്റെ ഗുരുത്വാകർഷണ ചിന്തകൾ

വൈശാഖൻ തമ്പി

**മലയാളിയായ സൈദ്ധാന്തിക ഭൗതികശാസ്ത്രജ്ഞൻ താണു പത്മനാഭൻ ഇക്കഴിഞ്ഞ 2021 സെപ്റ്റംബർ 17നാണ് വിടപറഞ്ഞത്. പത്മശ്രീ, ഭട്നാഗർ പുരസ്കാരം, ബിർള ശാസ്ത്ര പുരസ്കാരം എന്നീ പുരസ്കാരങ്ങൾ നേടിയ മഹാപ്രതിഭയായിരുന്നു അദ്ദേഹം. പ്രപഞ്ചത്തിലെ വിന്യാസങ്ങളുടെ രൂപീകരണം, ഗുരുത്വാകർഷണം, ക്വാണ്ടം ഗുരുത്വം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന ഗവേഷണവിഷയങ്ങൾ. താണു പത്മനാഭനെക്കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിക്കൂ...**

കഴിഞ്ഞ സെപ്റ്റംബർ 17ന്, ശാസ്ത്രലോകത്തെയും, ശാസ്ത്രത്തെ കൗതുകത്തോടെ നോക്കുന്ന പൊതുസമൂഹത്തെയും ഒരുപോലെ നടുക്കിയ വിയോഗവാർത്തയായിരുന്നു പ്രൊഫസർ താണു പത്മനാഭന്റേത്. ആധുനിക കാലത്തെ മുൻനിര ഭൗതികശാസ്ത്രജ്ഞരിൽ ഒരാളായിരുന്നു അദ്ദേഹം. മുന്നൂറിലധികം ഗവേഷണ പ്രബന്ധങ്ങൾ സംഭാവന നൽകിയ ഒരാളാണ്. ഊർജസ്വലതയോടെ, സജീവമായി ഗവേഷണത്തിൽ നിന്നിരുന്ന ആളാണ്. അതുകൊണ്ടുതന്നെ അപ്രതീക്ഷിതമായ അദ്ദേഹത്തിന്റെ മരണം ഒരു വലിയ നഷ്ടമായി തന്നെ കണക്കാക്കാം.


ഭൗതികശാസ്ത്രജ്ഞർ പ്രധാനമായും രണ്ട് തരത്തിൽ ഗവേഷണം നടത്താറുണ്ട്. പരീക്ഷണങ്ങളിലൂടെ പ്രകൃതിയെ മനസ്സിലാക്കാൻ ശ്രമിക്കുന്നതാണ് അതിൽ ഒരു രീതി. മറ്റൊരു രീതി, നിലവിലുള്ള അറിവുകളെക്കുറിച്ച് കൂടുതൽ ആഴത്തിൽ ചിന്തിച്ചും അതിലെ ഗണിതശാസ്ത്ര സമവാക്യങ്ങളെ നിർദ്ധാരണം ചെയ്തും പുതിയ ഉൾക്കാഴ്ച്ചകൾ ഉണ്ടാക്കലാണ്. അതിനെ സൈദ്ധാന്തിക ഭൗതികം എന്ന് വിളിക്കാം. ഗവേഷണം നടക്കുന്ന വിഷയത്തിന്റെ സ്വഭാവം അനുസരിച്ച് ഈ രീതികളിൽ ഏതെങ്കിലുമോ, രണ്ടും കൂടിയോ ഒക്കെ അവലംബിച്ചാണ് അത് ചെയ്യുക. പത്മനാഭൻ ഒരു സൈദ്ധാന്തിക ഭൗതികശാസ്ത്രജ്ഞൻ ആയിരുന്നു. അദ്ദേ


Photo : Mof

താണു പത്മനാഭൻ



ഐസക് ന്യൂട്ടൻ



ആൽബർട്ട് ഐൻസ്റ്റൈൻ

ഹത്തിന് ലബോറട്ടറി ആവശ്യമായിരുന്നില്ല. പ്രകൃതിനിയമങ്ങളെ നിർണയിക്കുന്ന ഗണിത സമവാക്യങ്ങളായിരുന്നു അദ്ദേഹത്തിന്റെ ലോകം. അവയിൽനിന്നും, പ്രപഞ്ചത്തെ സംബന്ധിച്ച നിരവധി പുതിയ ധാരണകൾ ഉരുത്തിരിച്ചെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

പത്മനാഭന്റെ ഏറ്റവും പ്രിയപ്പെട്ട വിഷയം ഗുരുത്വാകർഷണമായിരുന്നു. ഐസക് ന്യൂട്ടനായിരുന്നു ഗുരുത്വാകർഷണമെന്ന ഒരു പ്രാപഞ്ചിക ബലത്തെക്കുറിച്ച് ആദ്യം സംസാരിച്ചത് എന്ന് നമുക്കറിയാം. ന്യൂട്ടൻ ഭൗതികശാസ്ത്രത്തിന്റെ തന്നെ തുടക്കക്കാരിൽ ഒരാളായിരുന്നു. എന്നാൽ അന്നുതൊട്ട് ഇന്നുവരെയുള്ള കാലം കൊണ്ട് ഗുരുത്വാകർഷണത്തെ സംബന്ധിച്ച് നിരവധി ഗവേഷണങ്ങൾ നടന്നിട്ടുണ്ട് എങ്കിൽപ്പോലും, ഇന്നും അനവധി ദുരൂഹതകൾ നിലനിൽക്കുന്ന ഒരു വിഷയം കൂടിയാണ് ഗുരുത്വാകർഷണം. ന്യൂട്ടന്റെ ഗുരുത്വാകർഷണസിദ്ധാന്തം സത്യത്തിൽ 'ഗുരുത്വാകർഷണം എങ്ങനെ പ്രവർത്തിക്കുന്നു' എന്ന ചോദ്യത്തിനുള്ള ഉത്തരമായിരുന്നു. എന്നാൽ ഗുരുത്വാകർഷണം 'എന്തുകൊണ്ട് പ്രവർത്തിക്കുന്നു' എന്ന ചോദ്യത്തിനുള്ള ഉത്തരം അതിൽ ഉണ്ടായിരുന്നില്ല. ന്യൂട്ടനും ഏതാണ്ട് രണ്ട് നൂറ്റാണ്ട് ശേഷം ആൽബർട്ട് ഐൻസ്റ്റൈനാണ് ആ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നത്. സാമാന്യ ആപേക്ഷികതാസിദ്ധാന്തം എന്ന പേരിലറിയപ്പെടുന്ന ആ സിദ്ധാന്തത്തിന്റെ ഭാഗമായി ഐൻസ്റ്റൈൻ ഫീൽഡ് സമവാക്യങ്ങൾ എന്നൊരു ഗംഭീരസമവാക്യം ഉണ്ട്. നാം ജീവിക്കുന്ന പ്രപഞ്ചം സ്ഥലവും കാലവും ഒരുമിച്ച് വിളക്കിച്ചേർത്തതുപോലെയുള്ള ഒരു ചതുർമാന വസ്തുവാണെന്നായിരുന്നു ആ സിദ്ധാന്തം വെളിപ്പെടുത്തിയത്. അതിനെ സ്പെയ്സ് ടൈം എന്ന് വിളിക്കാം. ദ്രവ്യത്തിന്റെ സാന്നിദ്ധ്യം, ചുറ്റുമുള്ള സ്പെയ്സ് ടൈമിനെ വളയ്ക്കും എന്നൊരു വിപ്ലവകരമായ തിരിച്ചറിവ് ഫീൽഡ് സമവാക്യത്തിൽ ഉണ്ടായിരുന്നു. ന്യൂട്ടന്റെ സിദ്ധാന്തത്തിന് ശേഷം ഗുരുത്വാകർഷണത്തെ സംബന്ധിച്ച ഒരു അറിവുവിപ്ലവമായി കണക്കാക്കപ്പെടുന്നത് ഐൻസ്റ്റൈന്റെ ഈ കണ്ടെത്തലാണ്.

പക്ഷേ, ഐൻസ്റ്റൈന്റെ സിദ്ധാന്തത്തിലും അപൂർണതയുണ്ടായിരുന്നു. സൂക്ഷ്മലോകത്തെ സംബന്ധിച്ച ഭൗതികശാസ്ത്രശാഖയായ ക്വാണ്ടം ഭൗതികത്തിലെ ആശയങ്ങളുമായി, സാമാന്യ ആപേക്ഷികതയ്ക്ക് ഒരു പൊരുത്തക്കേടുണ്ടായിരുന്നു. സ്ഥൂലമായ ലോകത്ത് ആപേക്ഷികതയും, സൂക്ഷ്മലോകത്ത് ക്വാണ്ടം ഭൗതികവും അതുല്യമായി വിജയിച്ച സിദ്ധാന്തങ്ങളാണ്. പക്ഷേ, സൂക്ഷ്മമായാലും സ്ഥൂലമായാലും രണ്ടും ഒരേ പ്രപഞ്ചം തന്നെയാണല്ലോ. പരസ്പരം





Photo : OpenStax University Physics

ദ്രവ്യം ചുറ്റുമുള്ള സ്പെയ്സ് ടൈമിനെ സ്വാധീനിക്കുന്ന വിധം



പൊരുത്തപ്പെടാത്ത രണ്ട് സിദ്ധാന്തങ്ങൾ എങ്ങനെയാണ് ഒരേ പ്രപഞ്ചത്തെ സംബന്ധിച്ച നിയമങ്ങളാവുക? ഈ പ്രശ്നത്തിനുള്ള പരിഹാരം കണ്ടെത്താനാണ് പത്മനാഭൻ ശ്രമിച്ചത്. ഗുരുത്വാകർഷണത്തെ സംബന്ധിച്ച ഒരു മൂന്നാം വിപ്ലവം അദ്ദേഹത്തിലൂടെ ഉണ്ടാകും എന്ന് കരുതിയവർ ഒരുപാടുണ്ട്.

ഗുരുത്വാകർഷണത്തെ ഒരു 'ഉരുത്തിരിഞ്ഞ' (emergent) പ്രതിഭാസമായിട്ടാണ് പത്മനാഭൻ കണക്കാക്കിയത്. ഉദാഹരണത്തിന് ജലത്തെ തന്നെ പരിഗണിക്കാം. ജലം തുടർച്ചയായി ഒഴുകുന്ന, നനയ്ക്കാൻ കഴിവുള്ള ഒരു വസ്തുവാണ്. പക്ഷേ അടിസ്ഥാനപരമായി അത് $H_2O$ എന്ന തന്മാത്രകളുടെ ഒരു കൂട്ടം മാത്രമാണ് എന്ന് കൂടി ഓർക്കണം. ദ്രാവകാവസ്ഥ എന്നതും നനയ്ക്കാനുള്ള കഴിവും ഒക്കെ തന്മാത്രകൾ പരസ്പരം ഒത്തുചേരുമ്പോൾ 'ഉരുത്തിരിയുന്ന' സവിശേഷതകൾ മാത്രമാണ്. അല്ലാതെ ഏതെങ്കിലും ഒരു $H_2O$ തന്മാത്ര എടുത്താൽ അതിന് ഇപ്പറഞ്ഞ ഗുണങ്ങളൊന്നും ഇല്ല. ഇതിന് സമാനമായിട്ടാണ് പത്മനാഭൻ ഗുരുത്വാകർഷണത്തെ പരിഗണിച്ചത്. സ്പെയ്സ് ടൈം എന്നത് തുടർച്ചയായ ഒന്നല്ലെന്നും, വെള്ളത്തിന് പിന്നിൽ $H_2O$ തന്മാത്രകൾ എന്നതുപോലെ സ്പെയ്സ് ടൈമിന് പിന്നിലും അടിസ്ഥാനയൂണിറ്റുകൾ ആയ 'സ്പെയ്സ് ടൈം ആറ്റങ്ങൾ' ഉണ്ടാകുമെന്നും അദ്ദേഹം സിദ്ധാന്തിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സ്പെയ്സ് ടൈം ആറ്റങ്ങളുടെ പരസ്പര ഇടപെടലിലൂടെ ഉരുത്തിരിയുന്ന ഒരു ഗുണമാണ് ഗുരുത്വാകർഷണം എന്ന് തെളിയിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അതുവഴി ക്വാണ്ടം ഭൗതികത്തേയും ഗുരുത്വാകർഷണത്തേയും പൊരുത്തക്കേടില്ലാതെ വിളക്കിച്ചേർത്ത് ക്വാണ്ടം ഗ്രാവിറ്റി എന്ന ആശയം വിജയിപ്പിക്കാനും അദ്ദേഹം ശ്രമിച്ചു.

സൈദ്ധാന്തികഭൗതികത്തിൽ നിലവിലുള്ള നിരവധി സമസ്യകൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ പാതിവഴിയിൽ നിൽക്കവേയാണ് പത്മനാഭൻ ഓർമയാകുന്നത്. പിൻതലമുറയിൽ ആരെങ്കിലുമൊക്കെ ഏറ്റെടുത്ത് ആ അന്വേഷണങ്ങൾ വിജയത്തിലെത്തിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**ഗുരുത്വാകർഷണത്തെ ഒരു 'ഉരുത്തിരിഞ്ഞ' (emergent) പ്രതിഭാസമായിട്ടാണ് പത്മനാഭൻ കണക്കാക്കിയത്. ഉദാഹരണത്തിന് ജലത്തെ തന്നെ പരിഗണിക്കാം. ജലം തുടർച്ചയായി ഒഴുകുന്ന, നനയ്ക്കാൻ കഴിവുള്ള ഒരു വസ്തുവാണ്. പക്ഷേ അടിസ്ഥാനപരമായി അത് $H_2O$ എന്ന തന്മാത്രകളുടെ ഒരു കൂട്ടം മാത്രമാണ് എന്ന് കൂടി ഓർക്കണം.**

# കേരളം

അരുൺ കെ പി

മഞ്ഞുമൂടിയമാമലകൾ!
പച്ചപുതക്കും പാടങ്ങൾ!
കേരംതിങ്ങും കേരളനാട്,
കഥകളുറങ്ങും നാട്!

സാഗരഗീതം കേട്ടുണരുന്നവ-
ളെന്നുടെ പ്രിയനാട്...
മലയുടെ കാവലിലന്തിയുറങ്ങും
നമ്മുടെ മലനാട്!

കഥകളിരാവുകൾ നിദ്രയകറ്റും
കലയുടെ കേദാരം...
കളരിവിളക്കുകൾ കവിതകളെഴുതിയ
കരയിതു മലയാളം.

ഓണപ്പൊലിമകൾ ഊഞ്ഞാലാട്ടും
ഓർമകളുണരുമ്പോൾ
സർവമതങ്ങളുമൊന്നായ്മാറും
മണ്ണിത് മലയാളം.



വര: സുധീർ പി വൈ

# ഇന്ത്യയുടെ ചാച്ചാജി


സുബ്രഹ്മണ്യൻ അമ്പാടി വൈക്കം

**സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയാണ് ജവഹർലാൽ നെഹ്റു. മികച്ച ഭരണകർത്താവും സ്വാതന്ത്ര്യസമരസേനാനിയും ഗ്രന്ഥകർത്താവുമൊക്കെയായ നെഹ്റു കുട്ടികളെ ഏറെ സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14 ശിശുദിനമായാണ് നാം ആഘോഷിക്കുന്നത്. ആധുനിക ഇന്ത്യയുടെ ശില്പി എന്നറിയപ്പെടുന്ന നെഹ്റുവിനെ ഈ ശിശുദിനത്തിൽ നമുക്ക് ഒന്നുകൂടി ഓർക്കാം.**

1889 നവംബർ 14 ന് വക്കീലായ മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ്റാണിയുടെയും മകനായി അലഹബാദിൽ നെഹ്റു ജനിച്ചു. ധനികകുടുംബമായിരുന്നു. വിജയലക്ഷ്മി പണ്ഡിറ്റ്, കൃഷ്ണാഹൂതി സിങ് സഹോദരിമാരായിരുന്നു.

ഇംഗ്ലീഷുകാരായ അധ്യാപകർ നെഹ്റുവിന്റെ വീട്ടിലെത്തി പ്രാഥമിക വിദ്യാഭ്യാസം നൽകി. മോത്തിലാൽ തന്റെ മകന് അച്ചടക്കത്തിലും സത്യസന്ധതയിലും കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ മറ്റുള്ളവരോട് കരുണയും സ്നേഹവും കാണിക്കുന്നതിന് ജവഹർ ശീലിച്ചു.

1905 മെയ് മാസത്തിൽ മോത്തിലാൽ നെഹ്റുവും കുടുംബവും ഇംഗ്ലണ്ടിലേക്ക് താമസം മാറ്റി. ജവഹറിനെ ഹാരോ പബ്ലിക് സ്കൂളിൽ ചേർത്ത് വിദ്യാഭ്യാസം തുടർന്നു. സ്കൂളിലെ എല്ലാത്തരത്തിലുള്ള പ്രവർത്തനങ്ങളിലും ജവഹർ പങ്കെടുത്തിരുന്നു. സ്പോർട്സ്, കേഡറ്റ് കോർ, റൈഫിൾ ക്ലബ് തുടങ്ങിയവ പരിശീലിച്ച് ഒന്നാമനാകാൻ ശ്രമിച്ചു. പിന്നീട് കേംബ്രിഡ്ജ് സർവകലാശാലയിൽനിന്ന് നാച്ചുറൽ സയൻസിൽ സെക്കന്റ് ക്ലാസോടെ ജവഹർലാൽ പാസായി. സർവകലാശാലാ വിദ്യാഭ്യാസകാലത്ത് ലോകമെമ്പാടുമുള്ള സംഭവങ്ങളെക്കുറിച്ച് അറിവ് നേടി. ജനാധിപത്യ, മനുഷ്യാവകാശ, സോഷ്യലിസ്റ്റ് ആശയങ്ങൾ അദ്ദേഹത്തെ





ആധുനിക മനുഷ്യനാക്കി. ബർണാഡ് ഷാ, ബർട്രാന്റ് റസ്സൽ, ഗരിബാൾഡി തുടങ്ങിയ വിശ്വപ്രസിദ്ധ ചിന്തകന്മാരുടെ ആശയങ്ങൾ ജവഹർലാലിന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തി.

ബിരുദപഠനത്തിനുശേഷം ഇന്നർ ടെമ്പിളിൽനിന്നും ബാരിസ്റ്റർ പരീക്ഷ പാസായി. 7 വർഷത്തെ ലണ്ടൻ ജീവിതത്തിനുശേഷം ഇന്ത്യയിൽ തിരിച്ചെത്തി അലഹാബാദ് ഹൈക്കോടതിയിൽ അച്ഛന്റെ കൂടെ പ്രാക്ടീസ് ആരംഭിച്ചു.

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ പോരാടുവാൻ അദ്ദേഹം സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായി. നെഹ്റുവിന്റെ പ്രസംഗങ്ങളും ഭാവനാപൂർണമായ പ്രവർത്തനങ്ങളുംകൊണ്ട് ആയിരക്കണക്കിന് ജനങ്ങൾ ദേശീയ പ്രക്ഷോഭത്തിൽ അണിനിരന്നു.

കോൺഗ്രസിന്റെ ലക്നൗ സമ്മേളനത്തിൽ വച്ച് നെഹ്റു, മോഹൻദാസ് കരംചന്ദ്ഗാന്ധിയെ കണ്ടു പരിചയപ്പെട്ടു. മെലിഞ്ഞ രൂപമെങ്കിലും ജ്വലിക്കുന്ന കണ്ണുകളും വിനയശീലവും മൃദുഭാഷണവും ക്രാന്തദർശിത്വവും അടങ്ങിയ സ്വഭാവം നെഹ്റുവിനെ ഗാന്ധിജിയിലേക്ക് ആകർഷിച്ചിരുന്നു. ഭാരതത്തിലെ ദരിദ്രജനകോടികളുടെ സ്വാതന്ത്ര്യത്തിനും പട്ടിണി മാറ്റുന്നതിനും സത്യത്തിലേക്ക് നയിക്കുന്നതിനുമുള്ള ശക്തിമന്ത്രം ഗാന്ധിജിയുടെ വാക്കുകളിലുണ്ടെന്ന് നെഹ്റു തിരിച്ചറിഞ്ഞു.


ഗാന്ധിജി നയിച്ച സത്യഗ്രഹങ്ങളിലും, സമരപോരാട്ടങ്ങളിലും ആവേശത്തോടെ നെഹ്റു പങ്കെടുത്തു. ബ്രിട്ടീഷ് ഭരണകൂടം പലതവണ അദ്ദേഹത്തെ അറസ്റ്റുചെയ്തു ജയിലിൽ അടച്ചു.

ആദ്യത്തെ അറസ്റ്റിൽ വെയിൽസ് രാജകുമാരന്റെ ഇന്ത്യാസന്ദർശനത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ ബഹിഷ്കരിക്കുവാൻ കോൺഗ്രസ് തീരുമാനിച്ചു. രാജകുമാരനെതിരായ ലഘുലേഖകൾ വിതരണം ചെയ്ത കുറ്റത്തിന് അറസ്റ്റുചെയ്തു. കോടതി മൂന്ന് മാസത്തെ തടവിന് ശിക്ഷിച്ചു. ജയിലിനുള്ളിൽ കഴിഞ്ഞ സമയങ്ങളിലെല്ലാം വായിക്കാനും എഴുതുവാനുമുള്ള സമയം കണ്ടെത്തി. *ഇന്ത്യയെ കണ്ടെത്തൽ* എന്ന വിശ്വപ്രസിദ്ധമായ പുസ്തകം എഴുതിയത് ജയിലിനുള്ളിൽ വച്ചാണ്.

മഹാനായ എഴുത്തുകാരന്റെ പ്രധാന കൃതികൾ *സോവിയറ്റ് റഷ്യ, ഒരച്ഛൻ മകൾക്കയച്ച കത്തുകൾ, വിശ്വചരിത്രാവലോകനം, ആത്മകഥ, മഹാത്മഗാന്ധി, മുഖ്യമന്ത്രിമാർക്കുള്ള കത്തുകൾ, ഇന്ത്യ ഇന്നും നാളെയും* എന്നിവയാണ്.

1928ൽ മസൂറിയിൽ താമസിച്ചിരുന്ന പത്തുവയസ്സുകാരിയായ മകൾ ഇന്ദിരാ പ്രിയദർശിനിക്ക് അയച്ച *ഒരച്ഛൻ മകൾക്കയച്ച കത്തുകൾ* വിദ്യാർത്ഥികൾക്ക് എന്നും പ്രചോദനമാണ്.

നെഹ്റുവിനെ ജയിലിൽനിന്ന് വിട്ടയച്ച



പ്പോൾ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം കൊടുത്തു. പ്രക്ഷോഭം ഒരു കൊടുങ്കാറ്റായി ഇന്ത്യ മുഴുവൻ അലയടിച്ചുയർന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നൽകുവാൻ ബ്രിട്ടീഷ് ഭരണാധികാരികൾ തീരുമാനിച്ചു.

1947 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യം കിട്ടി ജവഹർലാൽ നെഹ്രു ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി. ജവഹർലാൽ നെഹ്രുവും ഗാന്ധിജിയും പിതൃപുത്ര സദൃശബന്ധമായിരുന്നു. നെഹ്രു ഗാന്ധിജിയുടെ ശിഷ്യനായിരുന്നെങ്കിലും നിരവധി വിഷയങ്ങളിൽ ഗാന്ധിജിയും നെഹ്രുവും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു.

1948 ജനുവരി 30ന് നാഥുറാം വിനായക് ഗോഡ്സേ എന്നയാളുടെ വെടിയേറ്റ് ഗാന്ധിജി മരിച്ചപ്പോൾ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു ഗാന്ധിജിയുടെ മരണം അറിയിച്ചുകൊണ്ട് പറഞ്ഞു: ''നമ്മുടെ ജീവിതത്തിൽനിന്ന് ആ വെളിച്ചം പൊലിഞ്ഞുപോയി. എങ്ങും ഇരുട്ടുമാത്രം, എന്തുപറയണമെന്നോ എങ്ങനെ പറയണമെന്നോ എനിക്കറിയില്ല. ബാപ്പു എന്നു നാം വിളിക്കുന്ന നമ്മുടെ പ്രിയ നേതാവ്, രാഷ്ട്രപിതാവ് കഥാവശേഷനായി...''

ദാരിദ്ര്യം, അന്ധവിശ്വാസം, ദുരാചാരങ്ങൾ, ജാതിയുടെയും മതത്തിന്റെയും, ദൈവങ്ങളുടെയും പേരിലുള്ള കലഹങ്ങൾ നിശ്ശേഷം തുടച്ചുമാറ്റണമെന്ന് നെഹ്രു ശപഥം ചെയ്തു. 17 വർഷക്കാലത്തെ ഭരണംകൊണ്ട് ഇന്ത്യൻ 'രാഷ്ട്രശില്പി' എന്ന ബഹുമതി നേടി.

ഒരു മതത്തിന്റെയും വക്താവായിരുന്നില്ല അദ്ദേഹം. ഇന്ത്യ ഒരു മതേതര രാജ്യമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. നെഹ്രുവിന്റെ 'ചേരി ചേരാനയം' ഇന്നും നമ്മൾ തുടരുന്നു. നെഹ്രുവിനെ ഗാന്ധിജി വിശേഷിപ്പിച്ചത് 'പളുങ്കുപോലെ നിർമലനായ മനുഷ്യൻ' എന്നാണ്.

കുട്ടികളെയും, പനിനീർപ്പൂക്കളെയും നെഹ്രു സ്നേഹിച്ചിരുന്നു. നെഹ്രു ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ ജന്മദിനം നവംബർ 14 ശിശുദിനമായി ആഘോഷിച്ചിരുന്നു. ഒരായുസ്സു മുഴുവൻ ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യത്തിനും, ഭാരതത്തിന്റെ പുരോഗതിക്കും വേണ്ടി പ്രവർത്തിച്ച ജവഹർലാൽ നെഹ്രു ഭാരതത്തിലെ ജനലക്ഷങ്ങളെ അഗാധ ദു:ഖത്തിൽ ആഴ്ത്തിക്കൊണ്ട് 1964 മെയ് 27ന് കാലത്തിന്റെ തിരശ്ശീലയ്ക്കു പിന്നിൽ മറഞ്ഞു.

തന്റെ മരണപത്രത്തിൽ നെഹ്രു ഇങ്ങനെ എഴുതി: ''എന്റെ ചിതാഭസ്മത്തിൽ ഒരുപിടി ഗംഗയിലൊഴുക്കണം. ബാക്കി ഇന്ത്യയിലെ വയലുകളിൽ വിതറണം. ഭാരതത്തിന്റെ മണ്ണുമായി അത് ഒത്തുചേരണം.''

**1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടി ജവഹർലാൽ നെഹ്രു ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി. ജവഹർലാൽ നെഹ്രുവും ഗാന്ധിജിയും പിതൃപുത്ര സദൃശബന്ധമായിരുന്നു. നെഹ്രു ഗാന്ധിജിയുടെ ശിഷ്യനായിരുന്നെങ്കിലും നിരവധി വിഷയങ്ങളിൽ ഗാന്ധിജിയും നെഹ്രുവും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു.**

# പോയത് പത്ത് മാമ്പഴങ്ങൾ

## കെ എൻ കുട്ടി കടമ്പഴിപ്പുറം

ഗ്രാമത്തിലെ രണ്ട് പിശുക്കന്മാരുടെ കഥയാണ്. കേശവൻ, ശങ്കരൻ എന്നിങ്ങനെയാണ് പേര്. ഇവരിൽ വലിയ പിശുക്കൻ ആര് എന്ന കാര്യത്തിലേ ഗ്രാമവാസികൾക്ക് സംശയമുള്ളൂ.

ഒരുദിവസം കേശവന്റെ മകൻ ശങ്കരന്റെ വീട്ടിൽ പോകാനൊരുങ്ങി. ഒരു വീട്ടിൽ വെറും കൈയോടെ മകനെ പറഞ്ഞയക്കുന്നതെങ്ങനെയെന്ന് കേശവന്റെ ഭാര്യയ്ക്ക് തോന്നി. അവരത് ഭർത്താവിനോട് പറയുകയും ചെയ്തു.

പിശുക്കനായ കേശവൻ അങ്ങനെ വെറുതേ എന്തെങ്കിലും കൊടുക്കുന്ന കക്ഷിയല്ലല്ലോ. അവസാനം ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി കേശവൻ ഒരു മത്തങ്ങയുടെ ചിത്രം വരച്ച് മകന്റെ കൈയിൽ കൊടുത്തു. എന്നിട്ടു പറഞ്ഞു:

''മകനേ, ഇത് അവിടെ കൊണ്ടുപോയി കൊടുക്ക്. പിന്നേയ്, നല്ല ഒന്നാന്തരം മത്തങ്ങയാണെന്ന് പ്രത്യേകം പറയണേ.'' അച്ഛൻ നൽകിയ സമ്മാനവുമായി മകൻ ശങ്കരന്റെ വീട്ടിലെത്തി. അന്നേരം അവിടെ ശങ്കരനുണ്ടായിരുന്നില്ല കേട്ടോ.

അവൻ ശങ്കരന്റെ മകന്റെ കൈയിൽ മത്തങ്ങാചിത്രം കൊടുത്തിട്ട് പറഞ്ഞു:

''ചങ്ങാതീ, നിങ്ങൾക്ക് സമ്മാനിക്കാനായി എന്റെ അച്ഛൻ തന്നുവിട്ടതാണ്. നല്ല ഒന്നാന്തരം മത്തങ്ങയാണേ...''

ശങ്കരന്റെയല്ലേ മോൻ. കേശവന്റെ മകൻ പോകാൻ നേരം പറഞ്ഞു: ''നോക്കൂ... ഈ പത്തു മാമ്പഴം നിന്റെ അച്ഛന് കൊണ്ടുപോയി കൊടുക്കണേ...''

ഇതുംപറഞ്ഞ് അവൻ കൈകൊണ്ട് മാങ്ങപോലെ ഒരു പത്ത്തവണ ഉരുട്ടി കാണിച്ചു.

കേശവന്റെ മകൻ സങ്കൽപ്പത്തിലെ മാങ്ങകളുമായി വീട്ടിലെത്തി കുറേ കഴിഞ്ഞപ്പോൾ ശങ്കരൻ വന്നു.

മത്തങ്ങാചിത്രം കിട്ടിയതും പകരം താൻ പത്തുമാമ്പഴം കൊടുത്തതുമെല്ലാം മകൻ പറഞ്ഞു.

ഇത് കേട്ട് ശങ്കരൻ തലയ്ക്ക് താങ്ങും കൊടുത്ത് താഴെ ഇരുന്നുപോയി.

അയാൾ ഇങ്ങനെ പിറുപിറുക്കാൻ തുടങ്ങി.

''ഛെ! ഈ ചെക്കൻ എല്ലാം നശിപ്പിക്കുമല്ലോ... ധാരാളീ, കണ്ണും മൂക്കുമില്ലാതെ വാരിക്കോരിയല്ലേ കൊടുത്തത്. ഒരു മത്തങ്ങയ്ക്കുപകരം ഒരു മാങ്ങ കൊടുത്താൽ പോരായിരുന്നോ? പത്ത് മാമ്പഴമല്ലേ പോയത്? മത്തങ്ങയുടെ വലിപ്പമുള്ള മാമ്പഴേ...''



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# നോബൽ പുരസ്കാരം 2021

സാജു കെ






ലോകം കോവിഡ് മഹാമാരിയുടെ പിടിയിൽനിന്നും പതിയെ മുക്തമായി ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് 2021ലെ നോബൽ പുരസ്കാരങ്ങൾ പ്രഖ്യാപിക്കപ്പെട്ടത്. ഏറെ സവിശേഷ പ്രാധാന്യമുള്ള അവാർഡ് നിർണയമാണ് ഇത്തവണത്തേത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നോബൽ സമ്മാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി രണ്ട് കാലാവസ്ഥാ ശാസ്ത്രജ്ഞന്മാർക്ക് അവാർഡ് കിട്ടി എന്നുള്ളതാണ്. ഈ വരുന്ന ഒക്ടോബർ 31 മുതൽ നവംബർ 12 വരെ യു.കെ.യിലെ ഗ്ലാസ്ഗോവിൽ കാലാവസ്ഥാവ്യതിയാന ഉച്ചകോടി നടക്കാനിരിക്കെയാണ് ആഗോളതാപനം സംബന്ധിച്ച പഠനങ്ങൾക്ക് തുടക്കമിട്ടവർക്ക് പുരസ്കാരം നല്കിയത്. സമാധാനത്തിനുള്ള നോബൽ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടുന്ന രണ്ടു മാധ്യമ പ്രവർത്തകർക്ക് ലഭിച്ചു എന്നതും ശ്രദ്ധേയമായ സംഗതിയാണ്. ഇത്തവണ പട്ടികയിൽ ഇടം പിടിച്ച ഏക വനിതയും സമാധാനത്തിനുള്ള നോബൽ നേടിയ മരിയ റെസയാണ്. കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയ വ്യക്തികളോ സംഘടനകളോ പട്ടികയിൽ ഇടം പിടിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അതുണ്ടായില്ല എന്നതാണ് കൗതുകകരമായ കാര്യം. ആരൊക്കെയാണ് ഇത്തവണത്തെ നോബൽ സമ്മാന ജേതാക്കൾ? എന്തൊക്കെയാണ് അവരുടെ കണ്ടുപിടുത്തങ്ങൾ? വിശദമായി വായിക്കാം...




## ഭൗതിക ശാസ്ത്രം

ഭൗതിക ശാസ്ത്രത്തിനുള്ള ഇത്തവണത്തെ നോബൽ സമ്മാനം മൂന്നുപേരാണ് പങ്കിട്ടത്. ജപ്പാൻ വംശജനായ സ്യൂകുരോ മനാബെ (Syukuro Manabe), ജർമൻകാരനായ ക്ലോസ് ഹാസൽമാൻ (Klaus Hasselmann), ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ജ്യോർജിയോ പാരിസി (Giorgio Parisi) എന്നിവരാണ് നോബൽ സമ്മാനം പങ്കിട്ടത്.

ഭൂമിയുടെ കാലാവസ്ഥയിൽ മനുഷ്യന്റെ ഇടപെടലുകൾ ഉണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള കണ്ടെത്തലുകൾക്കാണ് സ്യൂകുരോ മനാബെയും, ക്ലോസ് ഹാസൽമാനും പുരസ്കാരത്തിന് അർഹരായത്. അന്ത



സ്യൂകുരോ മനാബെ



ക്ലോസ് ഹാസൽമാൻ



ജ്യോർജിയോ പാരിസി

രീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ തോത് വർധിക്കുമ്പോൾ ഭൗമോപരിതലത്തിലെ താപനില വർധിക്കും എന്ന് ഇരുവരും വെവ്വേറെ നടത്തിയ പഠനങ്ങളിലൂടെ വിശദീകരിച്ചു. മനാബെയുടെ ഗവേഷണം 1960ൽ ഫലം കണ്ടെങ്കിൽ പത്തു വർഷത്തിന് ശേഷമാണ് ഹാസൽമാൻ തന്റെ കണ്ടെത്തൽ നടത്തിയത്. ആഗോളതാപനത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കും ചർച്ചകൾക്കും അടിത്തറയിട്ടത് ഇരുവരും തയ്യാറാക്കിയ ഭൗമ കാലാവസ്ഥയുടെ ഫിസിക്കൽ മോഡലുകളാണ്.

അമേരിക്കയിലെ പ്രിൻസ്റ്റൻ സർവകലാശാലയിലെ ശാസ്ത്രജ്ഞനായ മനാബെ 1931ൽ ജപ്പാനിലെ ഷിംഗുവിലാണ് ജനിച്ചത്. 1957ൽ ടോക്യോ സർവകലാശാലയിൽനിന്നും ഡോക്ടറേറ്റ് നേടി. 1931ൽ ജർമനിയിലെ ഹാംബർഗിൽ ജനിച്ച ക്ലോസ് ഹാസൽമാൻ ഗോട്ടിഞ്ചിൻ സർവകലാശാലയിൽ നിന്നും 1957ൽ ഡോക്ടറേറ്റ് നേടി. ഹാംബർഗിലെ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിറ്റിയറോളജിയിൽ പ്രൊഫസറാണ് ഇപ്പോൾ.

സങ്കീർണവും ക്രമരഹിതവുമായ വസ്തുക്കളിൽ ഒളിഞ്ഞിരിക്കുന്ന പാറ്റേണുകളെക്കുറിച്ചുള്ള കണ്ടുപിടുത്തത്തിനാണ് ജ്യോർജിയോ പാരിസിക്ക് നോബൽ സമ്മാനം ലഭിച്ചത്. 1948ൽ ഇറ്റലിയിലെ റോമിൽ ജനിച്ച പാരിസി സാപിയന്സാ യൂണിവേഴ്സിറ്റി ഓഫ് റോമിൽ ശാസ്ത്രജ്ഞനാണ്.

കാലാവസ്ഥാ ശാസ്ത്രജ്ഞർക്ക് ഇതാദ്യമായാണ് നോബൽ സമ്മാനം കിട്ടുന്നത് എന്ന പ്രത്യേകതയുണ്ട് ഇത്തവണത്തേതിന്. കാലാവസ്ഥയും സങ്കീർണമായ പ്രതിഭാസമായ



ബെഞ്ചമിൻ ലിസ്റ്റ്



ഡേവിഡ് ഡബ്ല്യു. സി. മക്മില്ലൻ

തുകൊണ്ട് ജ്യോർജിയോ പാരിസിയുടെ കണ്ടെത്തലുകളും കാലാവസ്ഥാ ശാസ്ത്രത്തിന് മുതൽക്കൂട്ടേകുന്നതുതന്നെ.

## രസതന്ത്രം


അസിമെട്രിക് ഓർഗാനോ രാസത്വരകങ്ങളുടെ കണ്ടുപിടുത്തത്തിന് ജർമൻ ശാസ്ത്രജ്ഞനായ ബെഞ്ചമിൻ ലിസ്റ്റ് (Benjamin List), ബ്രിട്ടീഷ് വംശജനായ അമേരിക്കൻ ശാസ്ത്രജ്ഞൻ ഡേവിഡ് ഡബ്ല്യു. സി. മക്മില്ലൻ (David W.C. MacMillan) എന്നിവർക്കാണ് രസതന്ത്രത്തിനുള്ള നോബൽ സമ്മാനം. രണ്ടായിരത്തിലാണ് ഔഷധ നിർമാണ രംഗത്ത് കുതിച്ചുചാട്ടം ഉണ്ടാക്കിയ ഈ കണ്ടുപിടുത്തം ഇരുവരും വെവ്വേറെ നടത്തിയത്. പ്രകൃതി സൗഹൃദപരം, തുച്ഛമായ നിർമാണച്ചെലവ് എന്നിവയാണ് ഈ രാസത്വരകങ്ങളുടെ പ്രത്യേകത.

1968ൽ ജർമനിയിലെ ഫ്രാങ്ക്ഫർട്ടിൽ ജനിച്ച ബെഞ്ചമിൻ ലിസ്റ്റ് ഗെഥെ യൂണിവേഴ്സിറ്റിയിൽനിന്നും ഡോക്ടറേറ്റ് നേടി. ഇപ്പോൾ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ആണ് ലിസ്റ്റ്.

യു.കെ.യിലെ ബെൽഷില്ലിൽ 1968ൽ ജനിച്ച ഡേവിഡ് ഡബ്ല്യു. സി. മക്മില്ലൻ 1996ൽ അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിൽനിന്നും ഡോക്ടറേറ്റ് നേടി. ഇപ്പോൾ പ്രിൻസ്റ്റൻ സർവകലാശാലയിൽ പ്രൊഫസറാണ്.

## വൈദ്യശാസ്ത്രം

ചൂട്, തണുപ്പ്, സ്പർശം എന്നിവയെ ശരീരത്തിലെ നാഡീവ്യവസ്ഥയ്ക്ക് തിരിച്ചറിയാൻ സഹായിക്കുന്ന ഗ്രാഹികളുടെ കണ്ടെത്തലിനാണ് ഇത്തവണത്തെ വൈദ്യശാസ്ത്രത്തിനുള്ള നോബൽ സമ്മാനം. അമേരിക്കൻ ശാസ്ത്രജ്ഞന്മാരായ ഡേവിഡ് ജൂലിയസ് (David Julius), അർഡേം പാറ്റപൗട്യൻ (Ardem Patapoutian) എന്നിവരാണ് പുരസ്കാരജേതാക്കൾ.




ഡേവിഡ് ജൂലിയസ്



അർഡേം പാറ്റപൗട്യൻ

യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലെ പ്രൊഫസർ ആയ ഡേവിഡ് ജൂലിയസ് (David Julius) 1955ൽ ന്യൂയോർക്കിൽ ആണ് ജനിച്ചത്. 1984ൽ കാലിഫോർണിയ സർവകലാശാലയിൽനിന്നുതന്നെയാണ് ജൂലിയസ് ഡോക്ടറേറ്റ് നേടിയത്.

കാലിഫോർണിയയിൽ തന്നെയുള്ള സ്ക്രിപ്പ്സ് റിസർച്ചിലെ പ്രൊഫസറാണ് ലബനീസ് വംശജനായ അർഡേം പാറ്റപൗട്യൻ (Ardem Patapoutian). 1967ൽ ലെബനൻ തലസ്ഥാനമായ ബെയ്റൂട്ടിലാണ് ഇദ്ദേഹം ജനിച്ചത്. യുദ്ധങ്ങളാൽ കലുഷിതമായ ലബനനിൽനിന്നും അമേരിക്കയിലേക്ക് കുടിയേറിയ അർഡേം 1996ൽ കാലിഫോർണിയ ഇൻസ്റ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്നും ഡോക്ടറേറ്റ് നേടി.



അബ്ദുൽറസാക്ക് ഗുർണ

## സാഹിത്യം

കിഴക്കൻ ആഫ്രിക്കൻ രാജ്യമായ ടാൻസാനിയയിൽനിന്നുള്ള അബ്ദുൽ റസാക്ക് ഗുർണ (Abdulrazak Gurnah)യ്ക്കാണ് സാഹിത്യത്തിനുള്ള നോബൽ സമ്മാനം. ടാൻസാനിയയിലെ സൻസിബാർ ദ്വീപ് സമൂഹത്തിൽ 1948ലാണ് അബ്ദുൽ റസാക്ക് ഗുർണ ജനിച്ചത്. 1963ൽ ബ്രിട്ടീഷ് കൊളോണിയൽ ഭരണം അവസാനിച്ചെങ്കിലും അറബ് വംശജർക്കെതിരായ കൊടിയ വംശീയ ആക്രമണത്തെ തുടർന്ന് തന്റെ പതിനെട്ടാമത്തെ വയസിൽ ഗുർണയു. കെ.യിലേക്ക് പലായനം ചെയ്യുകയായിരുന്നു.


മരിയ റെസ്സ


ദിമിത്രി മുററ്റോവ്

നോബൽ പുരസ്കാര സമിതി നിരീക്ഷിക്കുന്നതു പോലെ കൊളോണിയൽ ഭരണം തദ്ദേശീയ സമൂഹത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളെയും സംസ്കാരങ്ങൾക്കും ഭൂഖണ്ഡങ്ങൾക്കും ഇടയിലൂടെ ഒഴുകിയ അഭയാർത്ഥി ജീവിതത്തെയും ഒത്തുതീർപ്പുകളില്ലാതെയും അനുതാപത്തോടെയും ആവിഷ്ക്കരിക്കുകയായിരുന്നു ഗുർണ. ഇരുപത്തിയൊന്നാം വയസിൽ സാഹിത്യ ജീവിതം ആരംഭിച്ച ഗുർണയുടെ ആദ്യ നോവൽ 1987ൽ പുറത്തുവന്ന *മെമ്മറി ഓഫ് ഡിപ്പാർചർ* ആണ്. *പിൽഗ്രിംസ് വേ, പാരഡൈസ്, ദി ലാസ്റ്റ് ഗിഫ്റ്റ്* തുടങ്ങി പത്തോളം നോവലുകളും ചെറുകഥാസമാഹാരങ്ങളും ഗുർണ രചിച്ചിട്ടുണ്ട്. 2020ൽ പുറത്തിറങ്ങിയ *ആഫ്റ്റർ ലൈവ്സ്* ആണ് ഗുർണയുടെ ഏറ്റവും പുതിയ നോവൽ.

ഇംഗ്ലണ്ടിലെ കെന്റ് സർവകലാശാലയിൽനിന്നും ഇംഗ്ലീഷ് ആന്റ് പോസ്റ്റ്കൊളോണിയൽ സാഹിത്യത്തിൽ പ്രൊഫസറായി വിരമിച്ച ഗുർണ വോൾസോയിങ്കയ്ക്ക് ശേഷം നോബൽ പുരസ്കാരം നേടുന്ന രണ്ടാമത്തെ ആഫ്രിക്കൻ എഴുത്തുകാരനാണ്.

## സമാധാനം

2021ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ആവിഷ്കാര സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ രണ്ടു മാധ്യമ പ്രവർത്തകർക്ക് ലഭിച്ചു. ഫിലിപ്പീൻസിലെ ഓൺലൈൻ മാധ്യമമായ റാപ്ലറിന്റെ സി.ഇ.ഒ മരിയ റെസ്സയ്ക്കും (Maria Ressa) റഷ്യൻ ദിനപ്പത്രമായ നൊവായ ഗസെറ്റയുടെ എഡിറ്റർ ഇൻ ചീഫ് ദിമിത്രി മുററ്റോവിനുമാണ് (Dmitry Muratov) അവാർഡ്. ജനാധിപത്യത്തിന്റെയും സമാധാനത്തിന്റെയും ആണിക്കല്ലായ ആവിഷ്കാര സ്വാതന്ത്ര്യം സംരക്ഷിക്കാനായി നടത്തിയ അശ്രാന്ത പരിശ്രമങ്ങൾ പരിഗണിച്ചാണ് നോബൽ സമിതി ഇരുവർക്കും അവാർഡ് നൽകിയത്.

1963ൽ ഫിലിപ്പൈൻസിലെ മനിലയിലാണ് മരിയ റെസ്സ ജനിച്ചത്. മാധ്യമ സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊണ്ടതിന്റെ പേരിൽ ആറ് വർഷം ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട മരിയ റെസ്സ, സി. എൻ. എന്നിന് വേണ്ടി നിരവധി അന്വേഷണാത്മക റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഡ്യൂറ്റെർട്ട് ഗവൺമെന്റിന്റെ ഏകാധിപത്യ പ്രവണതയ്ക്കും അധികാര ദുർവിനിയോഗത്തിനും ആക്രമണോത്സുകതയ്ക്കും എതിരെ നിരന്തരം റെസ്സ എഴുതി. നിരവധി പേരെ നിയമവിരുദ്ധവും പൈശാചികവുമായി കൊലപ്പെടുത്തിയ ഫിലിപ്പൈൻസ് ഗവൺമെന്റിന്റെ മയക്കുമരുന്നു വേട്ട സമീപകാലത്ത് ആഗോള സമൂഹം ചർച്ച ചെയ്ത ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനങ്ങളിൽ ഒന്നായിരുന്നു.

വ്ളാഡിമിർ പുടിൻ ഗവൺമെന്റിന്റെ അഴിമതിക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും എതിരെ തൂലിക ചലിപ്പിച്ച മാധ്യമ പ്രവർത്തകനാണ് ദിമിത്രി മുററ്റോവ്. പഴയ സോവിയറ്റ് യൂണിയനിലെ കുയ്ബിഷെവിൽ 1961ലാണ് ദിമിത്രി മുററ്റോവ് ജനിച്ചത്. അഴിമതി, പോലീസ് അതിക്രമങ്ങൾ, നിയമവിരുദ്ധ അറസ്റ്റുകൾ, തിരഞ്ഞെടുപ്പ് തട്ടിപ്പുകൾ എന്നിവയ്ക്കെതിരെ ദിമിത്രി മുററ്റോവ് എഡിറ്ററായ നൊവായ ഗസെറ്റ നിരവധി റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. എതിരാളികൾ ഇതിന് പ്രതികാരം ചെയ്തത് നൊവായ ഗസെറ്റയുടെ ആറ് മാധ്യമ പ്രവർത്തകരെ കൊലപ്പെടുത്തിക്കൊണ്ടാണ്. എന്നാൽ ഈ ഭീഷണികൾക്കൊന്നും വഴങ്ങിക്കൊടുക്കാതെ സ്വതന്ത്ര മാധ്യമ പ്രവർത്തനം എന്ന തന്റെ നിലപാട് ഉയർത്തിപ്പിടിക്കുകയാണ് ദിമിത്രി മുററ്റോവ് ചെയ്തത്.

## സാമ്പത്തിക ശാസ്ത്രം

സ്വാഭാവിക പരീക്ഷണങ്ങളിലൂടെ സമൂഹത്തെ സംബന്ധിക്കുന്ന മുഖ്യ ചോദ്യങ്ങൾക്ക്



ഡേവിഡ് കാർഡ്



ജോഷ്വാ ഡി. ആംഗ്രിസ്റ്റ്



ഗൈഡോ ഡബ്ല്യു. ഇംബെൻസ്

ഉത്തരം കണ്ടെത്താൻ കഴിയും എന്നു തെളിയിച്ച അമേരിക്ക കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന മൂന്നു സാമ്പത്തിക ശാസ്ത്രജ്ഞന്മാർ 2021ലെ സാമ്പത്തിക നോബൽ പുരസ്കാരം പങ്കിട്ടു. കാലിഫോർണിയ സർവകലാശാലയിലെ ഡേവിഡ് കാർഡ് (David Card), മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്നുള്ള ജോഷ്വാ ഡി. ആംഗ്രിസ്റ്റ് (Joshua D. Angrist), സ്റ്റാൻഫോർഡ് സർവകലാശാലയിൽനിന്നുള്ള ഗൈഡോ ഡബ്ല്യു. ഇംബെൻസ് (Guido W. Imbens) എന്നിവരാണ് പുരസ്കാരം പങ്കിട്ടത്.

1956ൽ കാനഡയിൽ ജനിച്ച ഡേവിഡ് കാർഡ് കാലിഫോർണിയ സർവകലാശാലയിലെ ഫാക്കൽറ്റിയാണ്. തൊഴിൽ സാമ്പത്തിക ശാസ്ത്രത്തിലുള്ള സംഭാവനക്കാണ് അദ്ദേഹത്തിന് പുരസ്കാരം ലഭിച്ചത്. മിനിമം കൂലിയും കുടിയേറ്റവും എങ്ങനെ തൊഴിൽ വിപണിയെ ബാധിക്കും എന്നതായിരുന്നു പഠനം.

കാര്യകാരണ ബന്ധങ്ങളുടെ വിശകലനത്തിന് രീതിശാസ്ത്രപരമായ സംഭാവനകൾ നൽകിയതിനാണ് ജോഷ്വാ ആംഗ്രിസ്റ്റിനും ഗൈഡോ ഡബ്ല്യു. ഇംബെൻസിനും പുരസ്കാരം ലഭിച്ചത്. 1960ൽ അമേരിക്കയിലെ കൊളംബസിലാണ് ജോഷ്വാ ആംഗ്രിസ്റ്റ് ജനിച്ചത്. 1963ൽ നെതർലാൻഡ്സിൽ ആണ് ഗൈഡോ ഡബ്ല്യു. ഇംബെൻസ് ജനിച്ചത്.

## ഈ വർഷത്തെ വയലാർ രാമവർമ സാഹിത്യ പുരസ്കാരം എഴുത്തുകാരൻ ബെന്യാമിന്



ഈ വർഷത്തെ വയലാർ രാമവർമ സാഹിത്യ പുരസ്കാരം എഴുത്തുകാരൻ ബെന്യാമിന് ലഭിച്ചു. 'മാന്തളിരിലെ ഇരുപത് കമ്യൂണിസ്റ്റ് വർഷങ്ങൾ' എന്ന നോവലിനാണ് അവാർഡ്. നാൽപത്തിയഞ്ചാമത്തെ വയലാർ പുരസ്കാരമാണ് ബെന്യാമിന് ലഭിച്ചത്. ഒരു ലക്ഷം രൂപയും പ്രശസ്ത ശിൽപി കാനായി കുഞ്ഞിരാമൻ വെങ്കലത്തിൽ നിർമിക്കുന്ന ശില്പവുമാണ് അവാർഡ്. കെ.ആർ. മീര, ഡോ. ജോർജ് ഓണക്കൂർ, ഡോ.സി. ഉണ്ണികൃഷ്ണൻ എന്നിവരടങ്ങുന്ന ജൂറിയാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

# ഭൂമിയിലെ താരകങ്ങൾ

സുരേന്ദ്രൻ കാടങ്കോട്

മേലേ വിരിഞ്ഞിടും മാരിവില്ലേ
ചാരേ മടിക്കാതെ വന്നിടാമോ
പൂവിനും പൈങ്കിളിത്തൂവലിനും
ചാരുനിറമേറെ ചാർത്തിടുവാൻ!

വാനിലെ നക്ഷത്രക്കുഞ്ഞുങ്ങളേ
മാറിലെ മാലയിൽ മിന്നിടാമോ?
കാട്ടിലെ കൂട്ടർക്കു വെളിച്ചമേകാൻ
മിന്നാമിനുങ്ങുമായ് കൂട്ടുകൂടൂ!

നീലനിലാവേ പൊൻ, പൂത്തിങ്കളേ
പോരൂ, പുഴയിലെ തോണിയാകാം
അക്കരെയിക്കരെ പോയിടുകിൽ
എത്തറ കൂട്ടരെ ചേർത്തുവയ്ക്കാം!

വെള്ളമേഘപ്പഞ്ഞിക്കെട്ടുകളേ
വന്നാട്ടേ, കുത്തിമറിഞ്ഞിടുവാൻ
തൂവെള്ള പൂമെത്തയാക്കിയാലോ
അപ്പൂപ്പൻതാടി പറത്തിയാലോ!

ഉച്ചയ്ക്ക് കത്തിജ്ജ്വലിച്ചിടുന്ന
അന്തിക്ക് ചോന്നുതുടിച്ചിടുന്ന
ചെഞ്ചായക്കൂട്ടു തുറന്നുവച്ച
സൂര്യനെ കാര്യമായ് കൂട്ടിടട്ടെ?

മണ്ണിലിവയൊക്കെ വന്നീടുകിൽ
വിണ്ണേ, നീയെങ്ങനെ പുഞ്ചിരിക്കും?
വേണ്ട, ഇവ വിണ്ണിൽ നിന്നിടട്ടെ
മണ്ണിൽ പ്രകാശിക്കാൻ നമ്മളില്ലേ!




വര: സുജിത് വാസുദേവൻ


# റോസലിന്റ് ഫ്രാങ്ക്ളിന്റെ ഫോട്ടോ 51

ഡോ. സംഗീത ചേനംപുല്ലി

ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഫോട്ടോ എന്ന് പലപ്പോഴും അറിയപ്പെടുന്നതാണ് ലണ്ടനിലെ കിംഗ്സ് കോളജിലെ എക്സ് ആർ ഡി മെഷീനിൽ രേഖപ്പെടുത്തപ്പെട്ട ഫോട്ടോ 51 എന്ന ചിത്രം. റോസലിന്റ് ഫ്രാങ്ക്ളിൻ എന്ന ശാസ്ത്രജ്ഞയായിരുന്നു ഡി എൻ എ യുടെ എക്സ് റേ ചിത്രണം അടങ്ങിയ ആ ഫോട്ടോക്ക് പിന്നിൽ. ജനിതകരഹസ്യങ്ങളെ പിൻതലമുറകളിലേക്ക് കൈമാറുന്ന തന്മാത്രയായ ഡി എൻ എയുടെ ഘടന കണ്ടെത്തിയതാര് എന്ന ചോദ്യത്തിന് വാട്സൺ, ക്രിക്ക്, വിൽക്കിൻസ് എന്നീ നോബൽ നേടിയ ശാസ്ത്രജ്ഞരുടെ പേരുകളിൽ നമ്മുടെ ഉത്തരങ്ങൾ ഒതുങ്ങാറാണ് പതിവ്. എന്നാൽ ഡി എൻ എ ഘടനയുടെ കണ്ടെത്തലിന് യഥാർത്ഥത്തിൽ അടിത്തറയിട്ട റോസലിന്റ് ഫ്രാങ്ക്ളിന്റെ കഥ ശാസ്ത്രരംഗത്തെ ഏറ്റവും വലിയ അനീതികളിലൊന്നിനെയാണ് വെളിപ്പെടുത്തുന്നത്. റോസലിന്റ് ഫ്രാങ്ക്ളിൻ പകർത്തിയ എക്സ് റേ ചിത്രമില്ലായിരുന്നെങ്കിൽ ഡി എൻ എയുടെ രഹസ്യത്തിന്റെ ചുരുളഴിയാൻ പിന്നെയും ഏറെക്കാലമെടുത്തേനെ. മുപ്പത്തേഴ് വയസ്സുവരെ മാത്രം നീണ്ട ജീവിതകാലം കൊണ്ട് പുതിയ കണ്ടെത്തലുകൾ മാത്രമല്ല പുതിയ കാഴ്ചപ്പാടുകളും ശാസ്ത്രലോകത്തിന് സമ്മാനിച്ചാണ് റോസലിന്റ് ഫ്രാങ്ക്ളിൻ യാത്രയായത്. ശാസ്ത്രരംഗത്തെ ഏറ്റവും സ്വാധീനിച്ച വനിതകളിൽ ഒരാളായി അവർ ഇന്നും ഓർമിക്കപ്പെടുന്നു.



ലണ്ടനിലെ നോട്ടിംഗ്ഹില്ലിൽ സമൂഹത്തിൽ ഉന്നത സ്ഥാനം പുലർത്തിയിരുന്ന ഒരു ജൂതകുടുംബത്തിലാണ് റോസലിന്റ് ഫ്രാങ്ക്ളിൻ ജനിച്ചത്. അപകടകരമാംവിധം ബുദ്ധിമതിയായ കുട്ടിയായയാണ് കുടുംബവൃത്തങ്ങളിൽ അവൾ വിശേഷിപ്പിക്കപ്പെട്ടത്. സ്കൂൾ പഠനത്തിന് ശേഷം കേംബ്രിഡ്ജിലെ ന്യൂൻഹാം കോളജിൽനിന്ന് രസതന്ത്രം ഐച്ഛികമായി ബിരുദം നേടി. പിന്നീട് ഫെലോഷിപ്പോടെ അവിടെത്തന്നെ ഗവേഷണം തുടങ്ങി. പിൽക്കാലത്ത് രസതന്ത്ര നോബൽ നേടിയ റൊണാൾഡ് നോറിഷിനു കീഴിലുള്ള ഗവേഷണം അഭിപ്രായ വ്യത്യാസങ്ങളാൽ ഏറെക്കാലം തുടർന്നില്ല. പിന്നീട് യുദ്ധകാലസേവനത്തിന്റെ ഭാഗമായി ബ്രിട്ടിഷ് കൽക്കരി ഗവേഷണകേന്ദ്രത്തിൽ ജോലിചെയ്യുകയും കൽക്കരിയുടെ



ഫോട്ടോ 51

**റോസലിന്റ് ഫ്രാങ്ക്ളിൻ പകർത്തിയ എക്സ് റേ ചിത്രമില്ലായിരുന്നെങ്കിൽ ഡി എൻ എയുടെ രഹസ്യത്തിന്റെ ചുരുളഴിയാൻ പിന്നെയും ഏറെക്കാലമെടുത്തേനെ. മുപ്പത്തേഴ് വയസ്സുവരെ മാത്രം നീണ്ട ജീവിതകാലം കൊണ്ട് പുതിയ കണ്ടെത്തലുകൾ മാത്രമല്ല പുതിയ കാഴ്ചപ്പാടുകളും ശാസ്ത്രലോകത്തിന് സമ്മാനിച്ചാണ് റോസലിന്റ് ഫ്രാങ്ക്ളിൻ യാത്രയായത്.**

തരംതിരിക്കലിന് പുതിയ രീതി കണ്ടെത്തുകയും ചെയ്തു. ഇതേ വിഷയത്തിലായിരുന്നു പി എച്ച് ഡി ബിരുദവും. തുടർന്ന് പാരീസിൽ ഗവേഷണം നടത്തവേ എക്സ് റേ ക്രിസ്റ്റലോഗ്രാഫിയിൽ പ്രാവീണ്യം നേടി. എക്സ് കിരണങ്ങൾ എന്നറിയപ്പെടുന്ന ഇലക്ട്രോൺ ധാര ഉപയോഗിച്ച് ഖരവസ്തുക്കളുടെ ഘടന നിർണയിക്കുന്ന രീതിയാണത്. ഫെലോഷിപ്പ് നേടി കിംഗ്സ് കോളജിൽ ഗവേഷണത്തിനെത്തിയപ്പോൾ ഡി എൻ എ ഘടനയെ സംബന്ധിച്ച പഠനങ്ങൾക്ക് നിയോഗിക്കപ്പെടാൻ എക്സ് റേ ക്രിസ്റ്റലോഗ്രാഫിയിലെ പരിചയം കാരണമായി. എന്നാൽ ഡി എൻ എ ഘടനയിൽ മുൻപേ ഗവേഷണം നടത്തിയിരുന്ന മോറിസ് വിൽക്കിൻസുമായി പി എച്ച് ഡി വിദ്യാർത്ഥിയായ ഗോസ്ലിങ്ങിന്റെ ഗവേഷണ ചുമതല സംബന്ധിച്ച തർക്കങ്ങൾ ഉടലെടുത്തു. ധീരമായി കണ്ണിൽ നോക്കി സ്വാഭിപ്രായം തുറന്നുപറയുന്ന അവരുടെ സ്വഭാവം പുരുഷശാസ്ത്രജ്ഞരെ അലോസരപ്പെടുത്തിയിരുന്നത്രേ. ഗോസ്ലിങ്ങിന്റെ സഹായത്തോടെ നിരവധി എക്സ് റേ ചിത്രങ്ങൾ രേഖപ്പെടുത്തി. ഈർപ്പത്തിന്റെ സാന്നിധ്യത്തിലും അസാന്നിധ്യത്തിലും ഡി എൻ എ രണ്ട് രൂപങ്ങൾ കാണിക്കുന്നു എന്ന് അവർ കണ്ടെത്തി. ഇവയ്ക്ക് DNA - A എന്നും DNA - B എന്നും പേര് നൽകി. വിൽക്കിൻസുമായുള്ള തർക്കങ്ങളുടെ പശ്ചാത്തലത്തിൽ രണ്ടുപേരും ഓരോ ഘടനയെപ്പറ്റി സ്വതന്ത്രമായി പഠിക്കാൻ തീരുമാനിച്ചു. റോസലിന്റിന് കിട്ടിയത് DNA-A ആയിരുന്നു. ആദ്യത്തെ ചില കുഴഞ്ഞുമറിഞ്ഞ നിഗമനങ്ങൾക്ക് ശേഷം രണ്ട് ഡി എൻ എയും പരസ്പരബന്ധിതമായ ഇരട്ടനാരുകളുടെ രൂപത്തിലാണ് നിലനിൽക്കുന്നത് എന്ന് കണ്ടെത്തി. ഘടനയെപ്പറ്റി വ്യക്തമായ ധാരണ രൂപപ്പെട്ട ശേഷം മാത്രമേ അത് പ്രസിദ്ധീകരിക്കാൻ തയ്യാറായുള്ളൂ. ഇതേ സമയം കേംബ്രിഡ്ജ് സർവകലാശാലയിൽ ജെയിംസ് വാട്സനും ഫ്രാൻസിസ് ക്രിക്കും ഡി എൻ എ ഘടന സംബന്ധിച്ച അന്വേഷണത്തിലായിരുന്നു. റോസലിന്റിന്റെ സെമിനാർ അവതരണവും, ലിനസ് പോളിംഗ് രൂപപ്പെടുത്തിയ

ഘടനയിലെ തെറ്റ് ചൂണ്ടിക്കാട്ടിയതും വാട്സണെ സഹായിച്ചു. ഒരിക്കൽ വിൽക്കിൻസിനെ കാണാനെത്തിയ വാട്സണ് അദ്ദേഹം റോസലിന്റ് ഫ്രാങ്ക്ളിൻ രേഖപ്പെടുത്തിയ എക്സ് റേ ചിത്രം കാണിച്ചുകൊടുത്തു. റോസലിന്റ് അറിയാതെയും അവരുടെ സമ്മതമില്ലാതെയുമായിരുന്നു അത്. അന്നോളം ഇരുട്ടിൽ തപ്പിയ വാട്സന്റെ ഗ്രൂപ്പിന് ആ ചിത്രം മുന്നോട്ടുപോകാനുള്ള വഴിതെളിച്ചു. ഏതാണ്ടൊരേ സമയത്താണ് രണ്ട് ഗ്രൂപ്പുകളും ഡി എൻ എ യുടെ ഇരട്ടക്കോവണി രൂപത്തിലുള്ള ഘടന കണ്ടെത്തിയത്. വിൽക്കിൻസുമായുള്ള അഭിപ്രായവ്യത്യാസം കാരണം കിംഗ്സ് കോളജ് വിട്ടു പോകുമ്പോൾ താൻ പകർത്തിയ എക്സ് റേ ചിത്രങ്ങളെല്ലാം റോസലിന്റ് കൈമാറിയിരുന്നു. പിന്നീട് വിൽക്കിൻസ് വാട്സന്റെ ഗ്രൂപ്പുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്തു. ഡി എൻ എ ഘടന സംബന്ധിച്ച വാട്സന്റെയും ക്രിക്കിന്റെയും വിഖ്യാതമായ പേപ്പറിൽ അടിക്കുറിപ്പായി മാത്രം റോസലിന്റ് ഫ്രാങ്ക്ളിന്റെ പങ്ക് പരാമർശിക്കപ്പെട്ടു. വാട്സന്റെ *ഡബിൾ ഹെലിക്സ്* എന്ന വിഖ്യാതമായ പുസ്തകത്തിലും റോസലിന്റ് ഫ്രാങ്ക്ളിന്റെ സംഭാവനകൾ വേണ്ടത്ര സൂചിപ്പിക്കപ്പെട്ടില്ല.



1953ൽ ബിർബെക്ക് കോളജിലേക്ക് അവർ മാറി. അവിടെ പ്രശസ്ത ശാസ്ത്രജ്ഞനും കമ്യൂണിസ്റ്റും എഴുത്തുകാരനുമെല്ലാമായ ജെ. ഡി. ബർണലിന്റെ സഹായത്തോടെ ഗവേഷണം തുടങ്ങി. ശാസ്ത്രരംഗത്തെ സ്ത്രീ പ്രവേശനം പ്രോത്സാഹിപ്പിച്ചിരുന്ന ബർണൽ അവർക്ക് എല്ലാ പിന്തുണയും നൽകി. അവിടെവെച്ച് ടോബാക്കോ മൊസൈക് വൈറസിന്റെ ഘടന കണ്ടെത്തി. വൈറസുകളിൽ ഗവേഷണം നടത്തുന്നവരെയെല്ലാം ഏകോപിപ്പിച്ച്, അതിൽ എതിരാളിയായ വാട്സനും ഉൾപ്പെട്ടിരുന്നു, ഗവേഷണം ഊർജ്ജിതമാക്കാൻ അവർക്കായി.

അമേരിക്കയിലേക്കുള്ള യാത്രക്കിടെയാണ് അണ്ഡാശയക്യാൻസർ ബാധ കണ്ടെത്തിയത്. ദീർഘകാലം എക്സ് റേ ഏറ്റതാവാം കാരണം. തുടർന്ന് പല സർജറികൾക്ക് വിധേയയായി.

**1953ൽ ബിർബെക്ക് കോളജിലേക്ക് അവർ മാറി. അവിടെ പ്രശസ്ത ശാസ്ത്രജ്ഞനും കമ്യൂണിസ്റ്റും എഴുത്തുകാരനുമെല്ലാമായ ജെ. ഡി. ബർണലിന്റെ സഹായത്തോടെ ഗവേഷണം തുടങ്ങി. ശാസ്ത്രരംഗത്തെ സ്ത്രീ പ്രവേശനം പ്രോത്സാഹിപ്പിച്ചിരുന്ന ബർണൽ അവർക്ക് എല്ലാ പിന്തുണയും നൽകി. അവിടെവെച്ച് ടോബാക്കോ മൊസൈക് വൈറസിന്റെ ഘടന കണ്ടെത്തി.**

ഇതിനിടെയും പോളിയോ വൈറസിനെപ്പറ്റി പഠിക്കാനുള്ള വലിയ പദ്ധതിക്ക് അംഗീകാരം നേടിയെടുത്തു. പതിമൂന്ന് ഗവേഷണപേപ്പറുകൾ ഇക്കാലയളവിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ബ്രസൽസിൽ നടന്ന അന്താരാഷ്ട്ര എക്സ്പോയിൽ പ്രദർശിപ്പിക്കാൻ ടോബാക്കോ മൊസൈക് വൈറസിന്റെ ഘടന നിർമിക്കവേ, വെറും മുപ്പത്തിയേഴാം വയസ്സിലായിരുന്നു (1958) അന്ത്യം.

1962ൽ വാട്സനും ക്രിക്കും വിൽക്കിൻസും ഡി എൻ എ ഘടനയുടെ കണ്ടെത്തലിന് രസതന്ത്ര നോബൽ നേടി. മരണാനന്തര ബഹുമതിയായി നോബൽ നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ റോസലിന്റ് പരിഗണിക്കപ്പെട്ടില്ല. മൂന്നുപേർക്കേ നോബൽ പങ്കിടാനാവൂ എന്നതിനാൽ ജീവിച്ചിരുന്നാലും പരിഗണിക്കപ്പെടുമായിരുന്നോ എന്നതും സംശയമാണ്. പിന്നീട് അവരുടെ സുഹൃത്തും സഹഗവേഷകനുമായ ആരോൺ ക്ലഗ് 1982ലെ രസതന്ത്ര നോബൽ നേടി. റോസലിന്റ് ഫ്രാങ്ക്ളിൻ കൂടി ചേർന്നു തുടങ്ങിവെച്ച പഠനത്തിനായിരുന്നു അത്. മരണാനന്തരം പല ബഹുമതികളും അവരുടെ ഓർമക്കായി നൽകപ്പെട്ടു.

അർപ്പണബോധത്തോടെ ശാസ്ത്രത്തിനായി ജീവിതം സമർപ്പിച്ച വനിത എന്ന നിലയിൽ ശാസ്ത്രചരിത്രത്തിന്റെ മുൻപേജുകളിൽ തന്നെ അവരുടെ പേര് ഓർമിക്കപ്പെടുന്നു. ഹ്രസ്വമായ ഒരു ജീവിതകാലം കൊണ്ട് ശാസ്ത്രത്തിന് അവർ നൽകിയ സംഭാവനകൾ അവരെ ശാസ്ത്രലോകത്തെ അപൂർവ പ്രതിഭകളിൽ ഒരാളാക്കുന്നു.

# സ്കൂൾ ഡെയ്സ്

രാജീവ് എൻ ടി





# നീലത്തിമിംഗലവും മീൻകുഞ്ഞും

**കെ പി യൂസഫ് പെരുമ്പാവൂർ**

“അമ്മേ... അമ്മേ... അമ്മേ...’’ അത് നീട്ടിവിളിച്ചു. പക്ഷേ എവിടെ വിളി കേൾക്കാൻ? ആഴിയുടെ അഗാധതയിൽ ആ വിളി പ്രതിധ്വനിച്ചു. പിന്നെ അത് ആഴിയുടെ അഗാധതയിൽ മുഴുവൻ പരതാൻ തുടങ്ങി. എന്റെ അമ്മയെവിടെ? തന്നെ പോറ്റിവളർത്തി ഈ നിലയിലെത്തിച്ച തന്റെ



വര: സന്തോഷ് വെളിയന്നൂർ

പുന്നാര മാതാവ്. അതിന് സങ്കടമടക്കാനായില്ല. പിന്നെ ആ മീൻകുഞ്ഞ് ആഴിപ്പരപ്പിലേക്ക് പൊങ്ങിവന്ന് ദീർഘനിശ്വാസങ്ങളുതിർത്തു. ദുഃഖഗദ്ഗദങ്ങൾ ആ മീൻകുഞ്ഞിൽനിന്നും ഇടതടവില്ലാതെ ഉയർന്നു. അതിന്റെ പരവേശം കണ്ട് മറ്റ് മീൻകുഞ്ഞുങ്ങളും അതിനോടൊപ്പം കൂടി, അതിന്റെ പെറ്റമ്മയെ തേടാൻ. നോട്ടിക്കൽ മൈലുകൾ അവയുടെ അന്വേഷണം വ്യാപിച്ചു. പക്ഷേ എന്ത് ഫലം? അവിടെയെങ്ങും ആ മീൻകുഞ്ഞിന്റെ മാതാവിന്റെ പൊടിപോലും കണ്ടുപിടിക്കാനായില്ല.

മീൻരാജാവായ നീലത്തിമിംഗലം വിവരമറിഞ്ഞു. അത് തന്റെ ഉത്തരവ് കടലിലുള്ള അനുയായികൾക്ക് കൈമാറി. തന്റെ കുടുംബത്തിലെ അരുമയായ ആ മീൻകുഞ്ഞിന്റെ അമ്മയെക്കണ്ടുപിടിക്കാനുള്ള ഉത്തരവ്. സങ്കടം കൊണ്ട് വയ്യാതായ മീൻകുഞ്ഞ് പവിഴപ്പുറ്റിൽ വിശ്രമിച്ചു. അപ്പോഴാണ് അതിന്റെ നേതാവായ നീലത്തിമിംഗലം ആ വഴി വന്നത്. തന്റെ കുടുംബാഗത്തിന്റെ അവസ്ഥയിൽ നീലത്തിമിംഗലം ഏറെ ഖിന്നനായി. ഇതിന്റെ അമ്മ എവിടെപ്പോയി? എങ്ങനെ കണ്ടുപിടിക്കും? നീലത്തിമിംഗലം തലപുകഞ്ഞാലോചിച്ചു. എന്ത് മറിമായമാണ് കടലിൽ നടക്കുന്നത്? ആരാ തങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്? ഇത് കണ്ടുപിടിച്ചേ പറ്റൂ. നീലത്തിമിംഗലം തന്റെ അനുയായികൾക്ക് കടലിൽ സംഭവിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിക്കാനുത്തരവിട്ടു.

കുറച്ചുദിവസങ്ങൾക്ക് ശേഷം അനുയായികളിൽ പ്രമുഖൻ നീലത്തിമിംഗലനേതാവിന് റിപ്പോർട്ട് കൊടുത്തു. മനുഷ്യർ

**കടലിലേക്ക് മത്സ്യബന്ധനത്തിന് പോയ കപ്പലുകളും ബോട്ടുകളും കടലിൽ മുങ്ങിയത് കരയിലുള്ളവരറിഞ്ഞു. കടലമ്മ കോപിച്ചിരിക്കയാണെന്ന് അവർ കരുതി. കടൽക്ഷോഭവും കൊടുങ്കാറ്റും മറ്റും അവർ മുൻകൂട്ടി കണ്ടു. ആയതിനാൽ ഇനി കുറച്ച് ദിവസങ്ങളിലേക്ക് കടലിൽ പോകാതിരിക്കാൻ അവർ ശ്രദ്ധിച്ചു.**

കടലിൽ യന്ത്രവത്കൃത കപ്പലുകളും ബോട്ടുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ആണ് റിപ്പോർട്ട് ചെയ്തത്. ഇതറിഞ്ഞ നേതാവ് കോപം കൊണ്ട് ജ്വലിച്ചു. തന്റെ വർഗത്തെ ഇങ്ങനെ മത്സ്യബന്ധനം നടത്തി ഇല്ലായ്മ ചെയ്താൽ തന്റെ വംശങ്ങൾ കുറ്റിയറ്റ് പോകില്ലേ? അതിൽ താനും പെടില്ലേ? ഇതിന് മനുഷ്യരോട് പ്രതികാരം ചെയ്തേ പറ്റൂ. കോപംകൊണ്ട് ജ്വലിക്കുന്ന മനസ്സുമായി നീലത്തിമിംഗലങ്ങൾ കടലിൽ അങ്ങോട്ടുമിങ്ങോട്ടും പായാൻ തുടങ്ങി. അതാ കടലിൽ മലകൾ പോലുള്ള കപ്പലുകളും ബോട്ടുകളും. ഒട്ടും അമാന്തിച്ചില്ല. ആ കപ്പലുകളുടെയും ബോട്ടുകളുടെയും അടിയിലേക്ക് ഊളിയിട്ട് നീലത്തിമിംഗലങ്ങൾ എല്ലാം കുത്തിമറിച്ചിട്ടു. അതിലെ മനുഷ്യരെല്ലാം കടലിൽ ജീവനായി കൈകാലിട്ടടിച്ചു. ചില മനുഷ്യരെ നീലത്തിമിംഗലങ്ങൾ വകവരുത്തി. ചിലരെല്ലാം ശ്വാസം മുട്ടി മരിച്ചു. അങ്ങനെ എല്ലാവരും മരിച്ചെന്ന് ഉറപ്പായപ്പോൾ നീലത്തിമിംഗലങ്ങളെല്ലാം കടലിന്റെ അഗാധതയിലേക്ക് ഊളിയിട്ടു. ഇത് കണ്ട് അമ്മയെ നഷ്ടപ്പെട്ട ആ മീൻകുഞ്ഞ് നിർവൃതിയടഞ്ഞു. തന്റെ അനുഭവം മറ്റാർക്കും ഉണ്ടാകരുത്. മനുഷ്യർക്ക് ഇതൊരു പാഠമായിക്കോട്ടെ.

കടലിലേക്ക് മത്സ്യബന്ധനത്തിന് പോയ കപ്പലുകളും ബോട്ടുകളും കടലിൽ മുങ്ങിയത് കരയിലുള്ളവരറിഞ്ഞു. കടലമ്മ കോപിച്ചിരിക്കയാണെന്ന് അവർ കരുതി. കടൽക്ഷോഭവും കൊടുങ്കാറ്റും മറ്റും അവർ മുൻകൂട്ടി കണ്ടു. ആയതിനാൽ ഇനി കുറച്ചുദിവസങ്ങളിലേക്ക് കടലിൽ പോകാതിരിക്കാൻ അവർ ശ്രദ്ധിച്ചു.

''കുഞ്ഞേ കുഞ്ഞേ..'' കടലിൽ എവിടെനിന്നോ ഒരു വിളി. കടലിലെ മീനുകളെല്ലാം അത് ശ്രദ്ധിച്ചു. നീലത്തിമിംഗലത്തിന്റെ നേതൃത്വത്തിൽ ആ വിളിയുടെ ഉറവിടം കണ്ടെത്താൻ മീൻകൂട്ടങ്ങൾ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം അവ കാണാതായ മീൻകുഞ്ഞിന്റെ മാതാവിനടുത്തെത്തി. മീൻകുഞ്ഞിനാണെങ്കിൽ തന്റെ മാതാവിനെ തിരിച്ചുകിട്ടിയതിൽ സന്തോഷവും.

''അമ്മയെവിടെയായിരുന്നു ഇതുവരെ?'' മീൻകുഞ്ഞ് ചോദിച്ചു. ''എന്നെ ആ ദുഷ്ടരായ മനുഷ്യർ വലയിൽ കുടുക്കി ബോട്ടിലാക്കി. ഞാൻ ബോട്ടിൽ കിടന്ന് മരണവെപ്രാളത്തിൽ പിടക്കുകയായിരുന്നു. കുറച്ച് കഴിഞ്ഞ് വെള്ളത്തിലേക്ക് വീണു. അതെങ്ങനെ സംഭവിച്ചു എന്നറിയില്ല'' മാതാവ് പറഞ്ഞു.

'' അതേയ് അമ്മേ, നമ്മുടെ നേതാവ് നീലത്തിമിംഗലത്തിന്റെ നേതൃത്വത്തിൽ കപ്പലുകളും ബോട്ടുകളുമെല്ലാം ഞങ്ങൾ കുത്തിമറിച്ചിട്ടു. അമ്മ അങ്ങനെയാണ് രക്ഷപ്പെട്ടത്'' മീൻകുഞ്ഞ് പറഞ്ഞു.

ഇത് കേട്ടപ്പോൾ മാതാവ് പറഞ്ഞു, ''ബലേ ഭേഷ്. അങ്ങനെ വേണം.''



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി



# കാക്കോത്തിക്കുന്നിലെ മരങ്ങൾ

**ശ്രീജിത് പെരുന്തച്ചൻ**

കാക്കോത്തിക്കുന്നിന്റെ കരയിലൂടെ വാലില്ലാപ്പുഴ ഒഴുകിയിരുന്നു. പുഴയോരത്ത് വരിവരിയായി കുറച്ച് വൃക്ഷത്തൈകൾ മഴക്കാലം കഴിഞ്ഞതോടെ കിളിർത്തു വന്നു. കുറേനാൾ കഴിഞ്ഞ് മരങ്ങൾ ചില്ലകൾ വീശാൻ തുടങ്ങിയപ്പോൾ പുഴയോട് ചോദിച്ചു, ഞങ്ങൾ എങ്ങോട്ട് ചില്ലകൾ വിരിച്ച് നിൽക്കണം, നിനക്ക് സമ്മതമാണെങ്കിൽ നിന്റെ മുകളിലേക്ക് ചില്ല വിരിക്കാൻ ഞങ്ങൾക്ക് ഇഷ്ടമാണ്. അതാകുമ്പോൾ ഞങ്ങൾക്ക് നിന്റെ ജലത്തിൽ മുഖം നോക്കി നൃത്തംവയ്ക്കാമല്ലോ. അതോ, റോഡിലേക്ക് ചില്ലകൾ വിരിക്കണോ.

അതുകേട്ട് പുഴ പറഞ്ഞു, അയ്യോ, എനിക്ക് ഇപ്പോൾ തന്നെ ധാരാളം തണുപ്പുണ്ട്. റോഡിലൂടെ പോവുന്നവർ വെയിലത്ത് നടന്ന് തളരുന്നത് ഞാൻ എന്നും കാണാറുണ്ട്. നിങ്ങൾ അങ്ങോട്ട് ശാഖകൾ വിരിച്ചോളൂ, അവർക്കൊരു തണലാവട്ടെ. അങ്ങനെ കുഞ്ഞു മരങ്ങൾ റോഡിലേക്ക് ശാഖകൾ വിടർത്തി നൃത്തമാടാൻ തുടങ്ങി. കാറ്റിലും മഴയിലുമൊക്കെ തുള്ളിക്കളിക്കുന്ന മരങ്ങളോട് കൂട്ടുകൂടാൻ പൂക്കൈതപ്പാടത്തിനക്കരെനിന്നും കിളികൾ വന്നെത്തി. കിളികൾ അവിടെ കൂടുവച്ചു. താഴെക്കൂടി പോയവർക്ക് നല്ല തണലുമായി. അവർ മരച്ചുവട്ടിലിരുന്ന് വിശ്രമിച്ചു. പുഴയോരത്തിരുന്ന് കാറ്റ് കൊണ്ടു.

പക്ഷേ കിളികൾ വൈകുന്നേരങ്ങളിൽ സഭ കൂടി വർത്തമാനം പറയുന്നത് ചില മനുഷ്യർക്ക് ഇഷ്ടപ്പെടാതായി. അവർ കൊച്ചുകുട്ടികൾ വീട്ടിൽ സംസാരിച്ചാലും ചുണ്ടിൽ വിരൽ വച്ച് വിലക്കുന്നവരാണ്. താഴെക്കൂടി വണ്ടികൾ പോവുന്നതിന്റെ ഇരമ്പലും ഹോണടിയും കേൾക്കുമ്പോൾ കിളികൾ പേടിച്ച് കരയാൻ തുടങ്ങി.

കിളികൾ കാഷ്ഠിക്കുന്നത് റോഡിലൂടെ പോവുന്ന മനുഷ്യരുടെ വാഹനങ്ങളിലും ദേഹത്തും വീണു. അപ്പോൾ അവർ കോപിച്ചു. അവർ താഴെ നിന്ന് ഇങ്ങനെ പറയുന്നത് മരങ്ങളും കിളികളും സങ്കടത്തോടെ കേട്ടു: ഈ മരങ്ങൾ ഇവിടെയുള്ളതിനാലാണ് കിളികൾ കൂട് വയ്ക്കുന്നത്. അവയെ ഓടിക്കാൻ ഒരു വഴിയേയുള്ളൂ. മരങ്ങൾ വെട്ടിമാറ്റുക. അവർ എല്ലാവരും ചേർന്ന് മരങ്ങൾ വെട്ടിമാറ്റി. മരങ്ങൾ പോയപ്പോൾ കിളികൾ പറന്ന് പൂക്കൈതപ്പാടത്തേക്ക് തിരിച്ചുപോയി.

മരങ്ങൾ ഇല്ലാതായ റോഡിൽ ഭയങ്കര ചൂടായി. പകൽ കൊടുംവെയിൽ. രാത്രിയിലും ചൂട്. ഇതുകാരണം ആരും അതുവഴി പോവാതായി. ആളനക്കമില്ലാതായതോടെ അവിടെയൊക്കെ കാട് പിടിച്ചു. അത് കാടാണെന്നു കരുതി അവിടെ മൃഗങ്ങൾ തമ്പടിക്കാൻ തുടങ്ങി. അതുവഴി അപൂർവമായി വല്ലവരും പോയാൽ അവരെ മൃഗങ്ങൾ ആക്രമിച്ചു. നാട്ടിലും അവ ഇറങ്ങിനടന്ന് ആളുകളെ ഉപദ്രവിച്ചു. അതുകേട്ട് നാട്ടുകാർ പറഞ്ഞു, ആ മരങ്ങളെല്ലാം വെട്ടി കിളികളെ ഓടിച്ചത് കഷ്ടമായിപ്പോയി. അതുകൊണ്ടാണല്ലോ ഇവിടെ ആൾവാസമില്ലാതായി മൃഗങ്ങളുടെ വിഹാരകേന്ദ്രമായത്.

കവിത

# ഒരുകൂട്ടം യാത്രക്കാർ

**മലയത്ത് അപ്പുണ്ണി**

“വടക്കുനിന്നു വരുന്നവരേ
വഴിയാത്രക്കാരേ
ഇതുവഴി പോകുവതെങ്ങോട്ടാ
കുടചൂടി, പരദേശികളേ?”
“പറഞ്ഞു പറഞ്ഞു മടുത്തല്ലോ
കിഴക്കോട്ടു പോണു ഞങ്ങൾ.”
“കിഴക്കോട്ടു പോവരുതേ”
“കിഴക്കോട്ടു പോയാലെന്താ?”
“കടത്തിവിടില്ലാ വന്മല നിങ്ങളെ
തടഞ്ഞുനിർത്തും സഞ്ചാരികളേ.”
“എന്നാൽ പോണു പടിഞ്ഞാട്ട്”
“അരുതേ, പോവരുതങ്ങോട്ടും.”
“പോയാലെന്താണങ്ങോട്ട്?”
“കടലോടിവരും തടയാൻ.”
“എന്നാൽ പോണൂ തെക്കോട്ട്”
“ചങ്ങാതികളേ പൊയ്ക്കോളൂ.”



വര: സചീന്ദ്രൻ കാറഡുക്ക





# കുഞ്ഞിക്കിളിയേ പോരാമോ?

ജ്യോതി എസ്

കൊഞ്ചിക്കൊഞ്ചി പാറിപ്പറക്കും
കുഞ്ഞാറ്റക്കിളി നീ വരുമോ
മഞ്ചാടിക്കുരു കൈനിറയേ
വാരിയെടുക്കാൻ പോരുന്നോ?

കൂട്ടിനിളംകിളി കുഞ്ഞാറ്റക്കിളി
മഞ്ഞയുടുപ്പിന് ചേലുണ്ടേ
ആ വഴിയീവഴിയങ്ങോട്ടിങ്ങോ-
ട്ടോടി നടക്കാൻ പോരൂ നീ

മുറ്റത്തിത്തിരി തണലുണ്ടേ,
വല്ലികൾ നിറയെ പൂവുണ്ടേ,
ചില്ലയിലാകെ കായുണ്ടേ,
അണ്ണാറക്കണ്ണൻ കൂട്ടുണ്ടേ.

മുന്നോട്ടല്പം പോയാലോ,
പേരമരത്തിൽ ഫലമുണ്ടേ
പേരക്കായ്കൾ തിന്നീടാൻ
തത്തപ്പെണ്ണും വരുമല്ലോ.

കാഴ്ചകൾ കണ്ടു നടക്കാല്ലോ
പാട്ടുകൾ പാടി രസിക്കാല്ലോ
ഒറ്റയ്ക്കങ്ങനെ പോകല്ലേ
ഒന്നായങ്ങനെ നീങ്ങാല്ലോ.



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# ഒരു ചെമ്പനീർപ്പൂവ്

കൈനകരി ഷാജി



വര: പി ജി ബാലകൃഷ്ണൻ

ഒരു ചെമ്പനീർപ്പൂവിൻ
സുഗന്ധം ചൊരിഞ്ഞുകൊ-
ണ്ടരികേ വന്നെത്തുന്ന
നവംബർ പതിനാലേ!
ഞങ്ങളോർക്കുന്നു, പണ്ട്
ഭാരതാരാമത്തിൽ നീ
മംഗളം വിരിയിക്കാൻ
നട്ടൊരു പൊൻ വല്ലരി
പൂത്തതു, മതിൻ ഗന്ധ-
പൂരമീ മഹാരാജ്യ-
ത്താകവേ, യിളം കാറ്റിൽ
നിറഞ്ഞു കവിഞ്ഞതും
കടലും കാടും മേടും
പുഴയുമേറെക്കട-
ന്നൊടുവിൽ വിശ്വസ്നേഹ-
ചക്രവാളത്തിൻ ചാരേ
ഋതുസംക്രമത്തിന്റെ
സുവർണപരാഗമാ-
യതു മാറവേ സ്വപ്ന
വസന്തം വിടർന്നതും!
നവംബർ പതിനാലേ!
നീ ചിരിക്കുമ്പോൾ വീണ്ടും
ജവഹർലാലിൻ ചിരി
വെളിച്ചം വിതറുന്നു.
ആ വെളിച്ചത്തെ ഞങ്ങൾ
ആവഹിക്കുന്നു ഹൃത്തിൽ
ആവോളമീ ഭൂമിയിൽ
നല്ലതു ചെയ്തീടുവാൻ!

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

പ്രിയകൂട്ടുകാരേ
കുട്ടികളുടെ വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക എന്നതാണ് തളിരിന്റെ പ്രധാന ലക്ഷ്യം. നിങ്ങൾ കൂടുതൽ വായിക്കണം. വളരണം. അറിവുനേടുന്നതിനൊപ്പം എഴുതുകയും വേണം.

ഇളംതളിരിലേക്ക് സൃഷ്ടികൾ അയക്കൂ... തെരഞ്ഞെടുത്തവ പ്രസിദ്ധീകരിക്കും. എഴുത്തുകാരായ എല്ലാ കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. ഈ മാസത്തെ സൃഷ്ടികളെക്കുറിച്ച് തളിരമ്മാവന്റെ അഭിപ്രായങ്ങളും നിർദേശങ്ങളും ചുവടെ കൊടുക്കുന്നു.

*ശ്രീലക്ഷ്മി എസ് എൽ, ക്ലാസ് 9, സെന്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂൾ, മറ്റം, ആലപ്പുഴ*

അതിജീവനം എന്ന കവിത അൽപം നീണ്ടുപോയി. പ്രളയവും കോവിഡും അതിജീവനവുമൊക്കെ അടങ്ങുന്ന കവിതയാണിത്. അക്ഷരത്തെറ്റുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കണം.

*അലീന സജി, ക്ലാസ് 5, സി ജി എച്ച് എസ് എസ് കോന്നി, പത്തനംതിട്ട*

യഥാർഥ വിജയം എന്ന കഥ നന്നായിട്ടുണ്ട്. 'ഗുണപാഠം' എന്ന് എഴുതേണ്ടതില്ല. പ്രസിദ്ധീകരണ യോഗ്യമാണ്. അഭിനന്ദനങ്ങൾ.

*നന്ദന വി നായർ, ക്ലാസ് 6, സെന്റ് ജോസഫ്സ് എച്ച് എസ് എസ്, ആലപ്പുഴ*

'കറുപ്പും വെളുപ്പും' വർണവിവേചനത്തെ സൂചിപ്പിക്കുന്നു. കിങ്ങിണിക്കാട്ടിൽനിന്നും വന്ന കറുത്ത മുയൽ കുട്ടി ഒരു നല്ല കഥാപാത്രമാണ്. ഇളംതളിരിൽ പ്രസിദ്ധീകരിക്കുന്നു. അമ്മാവന് ഇഷ്ടായി.

*കാജൽ സോബിൾ, ക്ലാസ് 9 , സെന്റ് ജോസഫ് ഗേൾസ് എച്ച് എസ് എസ്, ആലപ്പുഴ*

ഗദ്യവും പദ്യവും ഇടകലർന്ന കവിതയാണ് 'പതിത സത്യങ്ങൾ.' ഇത്ര പരത്തിപ്പറയേണ്ടതില്ല. എങ്കിലും താഴെക്കൊടുക്കുന്ന വരികൾ ശ്രദ്ധേയമാണ്.

അമ്മ നീയാകിലും എന്നിലെ മകൻ
പണ്ടേക്കു, പണ്ടേ മരിച്ചു
രാധേയനെന്നും പരാജിതനായൊരു
പ്രേതമായലയുന്നു പാരിൽ

നിങ്ങൾ കുട്ടികൾ ധാരാളം വായിക്കണം. വായനാശീലം നിങ്ങളെ നല്ല എഴുത്തുകാരാക്കും. അടുത്തലക്കത്തിൽ കൂടുതൽപേർ രചനകൾ അയയ്ക്കണേ...

സ്വന്തം
തളിരമ്മാവൻ

# കറുപ്പും വെളുപ്പും

**നന്ദന വി നായർ, ക്ലാസ് 6,**
**സെന്റ് ജോസഫ്സ് എച്ച് എസ് എസ്, ആലപ്പുഴ**


പലതരം ജീവജാലങ്ങളാൽ സമ്പൽസമൃദ്ധിയോടുകൂടിയ കാടാണ് ചിഞ്ചലം. എല്ലാ ജീവിവർഗങ്ങളും ഒത്തൊരുമയോടെ ജീവിക്കുന്ന ഒരു മനോഹരമായ കാട്. ഒരുദിവസം ചിഞ്ചലം കാട്ടിലേക്ക് തൊട്ടടുത്തുള്ള ചിങ്ങിണി കാട്ടിൽ നിന്നും മിട്ടു എന്ന ഒരു കറുത്ത മുയൽകുട്ടൻ വന്നു. അവന്റെ ശരീരം മുഴുവൻ കറുത്തിരിക്കുകയായിരുന്നു. ആരെങ്കിലും അവനെ കണ്ടാൽ ആദ്യമൊന്ന് പേടിക്കും. പക്ഷേ മിട്ടു വെറും പാവമാണ്. ചിങ്ങിണിക്കാട്ടിലെ ഒരേയൊരു കറുത്ത മുയലാണവൻ. തന്റെ കറുത്ത നിറത്തോടുള്ള കൂട്ടുകാരുടെ കളിയാക്കൽ മൂലമാണ് അവൻ ചിഞ്ചലം കാട്ടിലേക്ക് വന്നത്. എന്നാലും ചിങ്ങിണി കാട്ടിലെ അതേ അവസ്ഥയായിരുന്നു ചിഞ്ചലം കാട്ടിലും. അവന്റെ കറുപ്പുനിറത്തെ മുയലുകൾ കളിയാക്കി. താമസിക്കാൻ ഒരു മാളവും അവർ മിട്ടുവിന് നൽകിയില്ല. എന്നാൽ ഇതെല്ലാം കണ്ടുകൊണ്ടിരുന്ന മുയലുകളുടെ നേതാവ് അവനെ തന്റെ മാളത്തിൽ പാർപ്പിച്ചു. ആ നേതാവിന് വേണമെങ്കിൽ മുയലുകളെ പറഞ്ഞുമനസ്സിലാക്കി അവരുടെ കൂട്ടത്തിൽ കൂട്ടാമായിരുന്നു. പക്ഷേ നേതാവ് അങ്ങനെ ചെയ്തില്ല. 'എന്നെങ്കിലും ഒരുദിവസം മിട്ടു മുയലിന്റെ പ്രാധാന്യം മറ്റുള്ളവർ മനസ്സിലാക്കും.' നേതാവ് ഇങ്ങനെ മനസ്സിൽ ചിന്തിച്ചു. ആ ദിവസത്തിനായി അദ്ദേഹം കാത്തിരുന്നു. അങ്ങനെ നാളുകൾ കഴിഞ്ഞു. മിട്ടുമുയൽ നേതാവിനോടൊപ്പം താമസിച്ചു. മറ്റു മുയലുകൾക്ക് മിട്ടുവിനോട് അസൂയയായിരുന്നു. അങ്ങനെ ഒടുവിൽ നേതാവ് കാത്തിരുന്ന ആ ദിവസം വന്നെത്തി. ഒരുദിവസം ചിഞ്ചലം കാട്ടിൽ മുയലുകളുള്ള ഭാഗത്ത് എങ്ങനെയോ കാട്ടുതീ പടർന്നു. മുയലുകൾ എന്തു ചെയ്യണമെന്നറിയാതെ അങ്ങോട്ടുമിങ്ങോട്ടുമോടി. നേതാവും പരിഭ്രാന്തനായി. എന്നാൽ മിട്ടുമുയൽ ഒരുവിധത്തിൽ തീയിൽനിന്ന് രക്ഷപ്പെട്ടു. വേഗം ഓടി ചിങ്ങിണിക്കാട്ടിലെ തന്റെ ചങ്ങാതിമാരായ വേലു ആനയേയും കൂട്ടുകാരെയും കണ്ടെത്തി. മിട്ടുമുയൽ നടന്നത് വേഗം അവരോട് പറഞ്ഞു. എന്നിട്ട് അടുത്തുള്ള പുഴയിൽനിന്ന് വെള്ളമെടുത്ത് വരുവാൻ പറഞ്ഞു. എന്നിട്ട് മിട്ടുമുയൽ ഓടി ചിഞ്ചലം കാട്ടിലേക്കു ചെന്നു. ആനക്കൂട്ടം പിന്നാലെ വെള്ളവുമായി വന്നു. ഉടൻ തന്നെ അവർ കാട്ടുതീ കെടുത്തി. എല്ലാവർക്കും




വര: ഗോപു പട്ടിത്തറ

ആശ്വാസമായി. മിട്ടുമുയൽ ആനക്കൂട്ടത്തിനോട് നന്ദി പറഞ്ഞു. ഉടൻ മുയലുകളുടെ നേതാവ് പറഞ്ഞു: ''ഞാൻ വിചാരിക്കുന്നു, എല്ലാവരും മിട്ടുമുയലിന്റെ പ്രാധാന്യം മനസ്സിലാക്കിയിരിക്കുമെന്ന്. എല്ലാവർക്കും അവനവന്റെ പ്രാധാന്യം ഉണ്ട്. അതിൽ നമ്മൾ വിവേചനം കാണിക്കരുത്.'' എല്ലാ മുയലുകൾക്കും തങ്ങളുടെ തെറ്റ് മനസ്സിലായി. ആനക്കൂട്ടം ഈ കഥ ചിങ്ങിണി കാട്ടിലും ചെന്നു പറഞ്ഞു. അങ്ങനെ അവിടെയുള്ളവരും മിട്ടുവിനോട് സ്നേഹത്തോടെ പെരുമാറി. അങ്ങനെ ഒടുവിൽ രണ്ടു കാടുകളും ഒന്നായി എല്ലാ മൃഗങ്ങളും സ്നേഹത്തോടെ കാട്ടിൽ ജീവിച്ചു.


# വര



അലക്സ് ആന്റണി
ക്ലാസ് 9, മാർത്തോമ എച്ച് എസ്
പത്തനംതിട്ട



റിവിൻ ടി രാജേഷ്
ക്ലാസ്: യു കെ ജി
പെയ്സ് ഇന്റർനാഷണൽ
സ്കൂൾ, ഷാർജ



റിവിൻ ടി രാജേഷ്
ക്ലാസ്: യു കെ ജി
പെയിസ് ഇന്റർനാഷണൽ
സ്കൂൾ, ഷാർജ
മുഴക്കുന്ന്



# ഞങ്ങൾ പകർത്തിയത്



ഫോട്ടോ : നന്മ മരിയ ജോസഫ്
ക്ലാസ്സ് 6, സാന്താക്രൂസ് പബ്ലിക് സ്കൂൾ,
എരമല്ലൂർ, ചേർത്തല

# യഥാർഥ വിജയം



**അലീന സജി, ക്ലാസ് 5, സി ജി എച്ച് എസ് എസ്, കോന്നി, പത്തനംതിട്ട**



ഒരിടത്ത് മൂന്ന് കൂട്ടുകാർ ഉണ്ടായിരുന്നു. അപ്പു, ചിഞ്ചു, വിനു. ഒരുദിവസം ക്ലാസിൽ ടീച്ചർ പരീക്ഷ ഇടുകയായിരുന്നു. അപ്പു നന്നായി പഠിക്കുന്ന കുട്ടിയാണ്. അവൻ പരീക്ഷ എഴുതുകയായിരുന്നു. അപ്പോൾ വിനു ചിഞ്ചുവിനോട് പറഞ്ഞു:

''ചിഞ്ചൂ, നീ അപ്പുവിന്റെ പരീക്ഷപ്പേപ്പർ ഇങ്ങോട്ട് എടുക്ക്. നമുക്ക് നോക്കിയെഴുതാം'' എന്ന്. അപ്പോൾ ചിഞ്ചു പറഞ്ഞു:

''ഏയ് ഞാൻ അങ്ങനെ ചെയ്യില്ല.''

എന്നാൽ വിനു അപ്പുവിന്റെ പേപ്പർ നോക്കി എഴുതി. അപ്പുവും വിനുവും പരീക്ഷയ്ക്ക് ജയിച്ചു.

ചിഞ്ചുവിന് പാതി മാർക്ക് കിട്ടി.

അപ്പോൾ വിനു ചിഞ്ചുവിനോട് ചോദിച്ചു:

''നീ എന്താ അപ്പുവിന്റെ പേപ്പർ നോക്കി എഴുതാഞ്ഞത്?''

ചിഞ്ചു പറഞ്ഞു:

''പരീക്ഷയ്ക്ക് നോക്കി എഴുതുന്നത് തെറ്റാണ്. നാം അഥവാ നോക്കി എഴുതിയാൽ ജീവിതകാലം മുഴുവനും അങ്ങനെ തുടരും. പകുതി മാർക്കേ കിട്ടിയുള്ളുവെങ്കിലും ഞാൻ സന്തോഷവതിയാണ്. ഞാൻ നോക്കി എഴുതിയില്ലല്ലോ.''

അപ്പോൾ വിനു പറഞ്ഞു:

''ശരിയാണ് കൂട്ടുകാരീ നീ പറഞ്ഞത്. ഇനി ഞാൻ പരീക്ഷയ്ക്ക് ആരുടെയും പേപ്പർ നോക്കി എഴുതില്ല.''

ഗുണപാഠം: ജയം നേടണം എങ്കിൽ നേരായ വഴിയിലൂടെ സഞ്ചരിക്കണം.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്.

അതോടൊപ്പം തളിര് മാസികയെക്കുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**എഡിറ്റർ, തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34**

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.

Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
(കേരള സർക്കാർ സാംസ്കാരിക വകുപ്പ്)

വായിച്ചു വളരുക

# തളിര് സ്കോളർഷിപ്പ് പരീക്ഷ

നവംബർ 30 വരെ അപേക്ഷിക്കാം

- ഭാഷ, ചരിത്രം എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥി പ്രതിഭകളെ കണ്ടെത്തുന്നതിന് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു.

**രജിസ്റ്റർ ചെയ്യേണ്ട സൈറ്റ്** https://scholarship.ksicl.kerala.gov.in

- കേരള സംസ്ഥാനത്തിലെ എല്ലാ സിലബസിലുമുള്ള (സ്റ്റേറ്റ്, സി ബി എസ് ഇ, ഐ സി എസ് ഇ) 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും ഒരുവർഷത്തെ തളിര് മാസിക സൗജന്യമായി ലഭിക്കും. 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ജൂനിയർ/സീനിയർ വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്.

  ജൂനിയർ വിഭാഗം (5,6,7 ക്ലാസിൽ പഠിക്കുന്നവർ)

  സീനിയർ വിഭാഗം (8,9,10 ക്ലാസിൽ പഠിക്കുന്നവർ)
- സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന ജൂനിയർ/സീനിയർ വിഭാഗങ്ങളിലെ കുട്ടികൾക്ക് യഥാക്രമം 10000, 5000, 3000 രൂപ സ്കോളർ ഷിപ്പ് നൽകും.
- ജില്ലാതലത്തിൽ വിജയികളാകുന്ന ജൂനിയർ/സീനിയർ വിഭാഗങ്ങളിലെ ആദ്യ മുപ്പത് റാങ്കുകാർക്ക് 1000 രൂപയും പിന്നീട് വരുന്ന അൻപത് കുട്ടികൾക്ക് 500 രൂപയും സ്കോളർഷിപ്പ് നൽകും. (ഒരു ജില്ലയിൽ ആകെ 160 കുട്ടികൾക്ക്.)
- 100 കുട്ടികൾ രജിസ്റ്റർ ചെയ്യുന്ന സ്കൂൾ ലൈബ്രറിക്ക് 1000 രൂപ മുഖവിലയുള്ള പുസ്തകങ്ങൾ സമ്മാനമായി നൽകും. 100ൽ കൂടുതൽ കുട്ടികൾ രജിസ്റ്റർ ചെയ്താൽ ആനുപാതികമായും പുസ്തകങ്ങൾ നൽകും.
- കൂടുതൽ വിവരങ്ങൾക്ക് : mob: 8547971483, web: https://ksicl.org

**ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾക്ക് താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റെസീപ്റ്റും വിലാസവും വാട്സ്ആപ്പ് മെസ്സേജ് ചെയ്യുക.**

Account Number : 67178297569 IFSC : SBIN0000941

Mobile Number : 8547971483

വിശ്വസ്തതയോടെ,

**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 November 2021
Regd KL/TV (N)/399/2021-2023 Published on 29-10-2021 Vol:28, Issue:11, ₹20

